# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 | No.8 | കാർത്തികപ്പള്ളി | R.No. 7361/02 | 2023 AUGUST

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## വരുന്നു അത്യുഷ്ണം

മനുഷ്യരാശിയുടെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന താപനിലയായിരിക്കും വരുന്ന അഞ്ചുവർഷം രേഖപ്പെടുത്തുകയെന്ന്



യുണൈറ്റഡ് നേഷൻസ് (യു.എൻ). ഭൂമിയുടെ ശരാശരി താപനില അടുത്ത അഞ്ചു വർഷങ്ങളിൽ റിക്കാർഡിലെത്തിയേക്കുമെന്നും യു.എൻ വ്യക്തമാക്കുന്നു. യു.എന്നിനു കീഴിലുള്ള വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷൻ (ഡബ്ല്യു.എം.ഒ) പുറത്തുവിട്ട പുതിയ റിപ്പോർട്ടിലാണ് ആഗോളതാപനത്തെക്കുറിച്ചുള്ള അമ്പരപ്പിക്കുന്ന വെളിപ്പെടുത്തൽ. തീവ്രമായ കൊടുങ്കാറ്റുകൾ, പവിഴപ്പുറ്റുകളുടെ നാശം, ഉരുകുന്ന മഞ്ഞ്, പ്രളയം, ഉഷ്ണതരംഗങ്ങൾ, വരൾച്ച എന്നിവയുൾപ്പെടെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

## സോളാർ അപ്പാരറ്റസ്

തലയിൽ ഒരു ഹെൽമറ്റ് കമഴ്ത്തി വച്ചിരിക്കുകയാണെന്നു തോന്നും കണ്ടാൽ. ഇതൊരു ചികിത്സയാണ്. സൂര്യപ്രകാശം ഉപയോഗിച്ചുള്ള ചികിത്സ! തലയിൽ വെയിലടിപ്പിക്കൽ എന്നും പറയാം!



തലയിൽ കൃത്രിമമായി സൂര്യപ്രകാശം ഏല്പിച്ച് അസുഖങ്ങൾ ചികിത്സിക്കാനുള്ള ഈ ഉപകരണത്തിന്റെ പേര് 'സോളർ ബാത്ത് അപ്പാരറ്റസ്' എന്നാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ജർമ്മനിയിൽ നിർമ്മിച്ചതാണ് ഇത്. തലയിലെയും മൂക്കിലെയും തൊണ്ടയിലെയും ചെവിയിലെയുമൊക്കെ പല അസുഖങ്ങളും സൂര്യപ്രകാശമേറ്റാൽ മാറും എന്ന 'തിയറി' ഉപയോഗിച്ചാണ് സോളർ യന്ത്രം നിർമ്മിച്ചത്. ഇതിനകത്തെ ഒരു പ്രത്യേക യന്ത്രം ഉപയോഗിച്ച് കൃത്രിമമായി തലയിൽ സൂര്യപ്രകാശം ഏല്പിക്കും!

## പൂച്ചയ്ക്കും ഹോം നേഴ്സ്

പൂച്ചകളെ ഇഷ്ടപ്പെടുന്നവർ ഇഷ്ടംപോലെയുണ്ട്. പൂച്ചകളെ ഓമനിച്ചു വളർത്തുന്ന വീടുകളും അനവധി. എന്നാൽ, വീട്ടിലെ പൂച്ചയെ നോക്കാൻ മാത്രമായി ആളെ നിയമിച്ചതായി ഇതുവരെ കേട്ടിട്ടില്ല. ഓസ്ട്രേലിയയിലെ ഒരു സമ്പന്ന കുടുംബമാണ് തങ്ങളുടെ അരുമപ്പൂച്ചയെ പരിപാലിക്കാൻ ആളെ തേടുന്നത്. പൂച്ചയ്ക്കായി മുഴുവൻ സമയവും മാറ്റിവയ്ക്കാൻ തയാറായിട്ടുള്ള ആളുകൾക്കു മാത്രമാണു ജോലിക്ക് അവസരമെന്നു ഡബിൾ ബേ കുടുംബം നൽകിയ പരസ്യത്തിൽ പറയുന്നു.

പൂച്ചയുടെ 'ആയ' ആകാൻ തയാറായി വരുന്നവർക്കു പൂച്ചയുടെ ഭക്ഷണം, വിനോദം, ശുചിത്വം, വിശ്രമം എന്നിങ്ങനെ സർവകാര്യങ്ങളിലും പ്രത്യേക കരുതലുണ്ടാകണം. ഒരു കാര്യത്തിലും വിട്ടുവീഴ്ച കാട്ടാൻ പാടില്ല. കൂടാതെ പൂച്ചകളുടെ പരിചരണത്തെക്കുറിച്ച് ആഴത്തിലുള്ള അറിവും മുൻകാല പരിചയവും നിർബന്ധം.



തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആഡംബരവീടിനുള്ളിൽ സ്വന്തം മുറിയും മറ്റെല്ലാ സൗകര്യങ്ങളും നൽകും. ഇവർക്കു വീട്ടിൽ മറ്റു പണികളൊന്നും ചെയ്യേണ്ടിവരില്ല. ആഡംബര ബംഗ്ലാവിൽ താമസിച്ചു പൂച്ചയെ നോക്കുക മാത്രമായിരിക്കും ജോലി. ഈ പരസ്യം സോഷ്യൽ മീഡിയയിൽ വന്നപ്പോൾ തന്നെ വൈറലായിരിക്കുകയാണ്.

## 1800 വർഷം പഴക്കമുള്ള മാർബിൾ

പതിവുപോലെ നീന്താനിറങ്ങിയതാണ് ഗിഡിയോൻ ഹാരിസ് എന്ന ഇസ്രായേൽ പൗരൻ, ടെൽ അവീവിൽ നിന്നു 24 കിലോമീറ്റർ അകലെ ബെയ്റ്റ് യനായി ബീച്ചിലായിരുന്നു നീന്തൽ. നീന്തലിനിടയിൽ കടലിനടിയിൽ മുങ്ങിക്കിടക്കുന്ന മാർബിൾ സ്തൂപങ്ങളുടെ അവശിഷ്ടങ്ങൾ ഹാരിസിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രത്യേകത തോന്നിയ ഹാരിസ് പുരാവസ്തു വകുപ്പ് അധികൃതരെ വിവരം ധരിപ്പിച്ചു. അവർ നടത്തിയ അന്വേഷണത്തിൽ വെളിപ്പെട്ടത് 1,800 വർഷം മുമ്പു നടന്ന ഒരു കപ്പൽ ഛേദത്തിന്റെ ചരിത്രം. റോമൻ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ചരക്കുകപ്പലിന്റെ അവശിഷ്ടമാണ് നാലടി ആഴത്തിൽ കണ്ടെത്തിയത്. വലിയ ചുഴലിക്കാറ്റിൽ മണ്ണു മാറിയതിനാലാണ് ഹാരിസിന് അവ കാണാനായത്. ആ മേഖലയിൽ പണ്ടുകാലത്ത്



നടന്ന കപ്പൽ ഛേദത്തെക്കുറിച്ച് ഇസ്രായേൽ പുരാവസ്തു അഥോറിറ്റിക്കു ധാരണയുണ്ടായിരുന്നെങ്കിലും അവശിഷ്ടങ്ങൾ എവിടെയെന്ന വിവരങ്ങൾ ലഭിച്ചിരുന്നില്ല. റോമിൽ നിന്ന് ഇസ്രയേലിലേക്കു കൂറ്റൻ മാർബിൾ സ്തൂപങ്ങളുമായി പുറപ്പെട്ട കപ്പലാണ് മുങ്ങിയത്. ഏകദേശം 45 ടൺ ആയിരുന്നു മാർബിളിന്റെ ഭാരം. കപ്പലിന്റെ ഭാരം 200 ടൺ.

## പണി തീരാത്ത പള്ളി

പണിതിട്ടും പണിതിട്ടും പണി തീരാത്തൊരു പള്ളി! അതാണ് 'സഗ്രാഡ ഫമിലിയ' (Sagrada familia), സ്പെയിനിലെ കാറ്റലോണിയയിലെ ബാർസലോനയിലുള്ള പള്ളിയുടെ പണി ആരംഭിച്ചത് 1882–ലാണ്.



ഫ്രാൻസിസ്കോ ഡി പോള ഡെൽ വല്ലാർ എന്ന വാസ്തുശില്പിക്കായിരുന്നു ചുമതല. 1883–ൽ ആന്റണി ഗൗഡി എന്ന വാസ്തുശില്പി ചുമതല ഏറ്റെടുത്തു. 1926–ൽ ഗൗഡി മരിക്കുമ്പോൾ പണിയുടെ നാലിലൊന്നു മാത്രമാണ് പൂർത്തിയായത്. പിന്നീടുണ്ടായ ആഭ്യന്തരയുദ്ധത്തിൽ പള്ളി നശിപ്പിക്കപ്പെട്ടു. പ്ലാനുകൾ കത്തിനശിച്ചു.

പിന്നീട് വർഷങ്ങൾക്കു ശേഷം പണി പുനരാരംഭിച്ചു. എങ്കിലും ഇന്നും പണി തുടരുന്ന ഈ പള്ളി യുനെസ്കോയുടെ ലോകപൈതൃക പട്ടികയിലുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ പൂർത്തിയാകാത്ത പള്ളി എന്ന റെക്കോർഡുമുണ്ട്.

## നാസയുടെ പാമ്പ്

ശനിയുടെ ഉപഗ്രഹങ്ങളിലൊന്നായ എൻസെലാഡസിൽ പര്യവേക്ഷണത്തിനായി യു.എസിന്റെ നാഷണൽ എയ്റോനോട്ടിക്സ് ആൻഡ് സ്പേസ് അഡ്മിനിസ്ട്രേഷൻ (നാസ) ഒരു 'പാമ്പിനെ' നിർമിച്ചു!



നാസയുടെ ജെറ്റ് പ്രൊപ്പൽഷൻ ലബോറട്ടറിയാണ് എക്സോബയോളജി എക്സ്റ്റന്റ് ലൈഫ് സർവേയർ എന്നു പേരിട്ടിരിക്കുന്ന പാമ്പിന്റെ രൂപത്തിലുള്ള റോബോട്ടിനെ നിർമിച്ചത്.

പ്രതലങ്ങളിൽ പാമ്പ് ഇഴയുന്നതുപോലെതന്നെയാണ് ഈ റോബോട്ടിന്റെയും സഞ്ചാരം. പാമ്പുകൾ തലയുയർത്തി പരിസരം നിരീക്ഷിക്കുന്നതുപോലെ ഇതും തലയുയർത്തി ചുറ്റുപാടുകൾ നിരീക്ഷിക്കും.

ജീവനെ തേടി എൻസെലാഡസിൽ വിന്യസിക്കാൻ ലക്ഷ്യമിടുന്ന റോബോട്ടിനു ഭൂമിക്കും ചന്ദ്രനുമപ്പുറത്തേക്കുമുള്ള വിവിധ പ്രതലങ്ങളിൽ സ്വയം സഞ്ചരിക്കാൻ കഴിയും.

ജീവന്റെ തുടിപ്പുകളുടെ അന്വേഷണവുമായി എൻസലാഡസിലെത്തുന്ന റോബോട്ടിന്റെ ദൗത്യം വിജയകരമായി തീർന്നാൽ അതു മനുഷ്യരാശിക്കു വലിയ മുന്നേറ്റമായിരിക്കുമെന്നാണു വിലയിരുത്തൽ.

## പ്ലാസ്റ്റിക്ക് തിന്നും ഫംഗസ്

പ്ലാസ്റ്റിക് കൊണ്ടു പൊറുതിമുട്ടിയ ഭൂമിക്ക് സന്തോഷവാർത്തയുമായി എത്തിയിരിക്കുകയാണു ചൈനീസ് ഗവേഷകർ. പ്ലാസ്റ്റിക് ഭക്ഷിക്കുന്ന ഫംഗസുകളെ കണ്ടെത്തിയെന്നാണ് അവർ അവകാശപ്പെടുന്നത്. മഞ്ഞക്കടൽ തീരത്തെ യുനെസ്കോയുടെ സംരക്ഷിത സൈറ്റായ ചൈനയുടെ ഡാഫെങ് പ്രദേശത്തെ ഉപ്പ് ചതുപ്പുകളിൽനിന്നാണ് ഇത്തരത്തിലുള്ള ബാക്ടീരിയകളെയും ഫംഗസുകളെയും കണ്ടെത്തിയതെന്നു ക്യൂവിലെ റോയൽ ബൊട്ടാണിക് ഗാർഡൻസ് അധികൃതർ പറയുന്നു. പ്ലാസ്റ്റിക്കിനെ ഇല്ലാതാക്കാൻ ശേഷിയുള്ള 436 ഇനം ഫംഗസുകളെയും ബാക്ടീരിയകളെയും ഇതുവരെ ഡാങ് പ്രദേശത്ത് കണ്ടെത്താൻ കഴിഞ്ഞെന്നും ക്യൂ ഗാർഡൻസ് അവകാശപ്പെട്ടു.



ലോകമെമ്പാടുമായി ഉത്പാദിപ്പിക്കപ്പെടുന്ന കോടിക്കണക്കിനു ടൺ പ്ലാസ്റ്റിക്കിൽ പകുതിയിലധികവും ഭൂമിയിലും കടലിലുമായി ഉപേക്ഷിക്കപ്പെടുകയാണ്. ബാക്കിയുള്ളതിൽ കൂടുതലും കത്തിക്കുന്നതുവഴി അന്തരീക്ഷവും മലിനമാകുന്നു. എവിടെ കിടന്നാലും, എന്തു ചെയ്താലും ദഹിക്കാത്ത പ്ലാസ്റ്റിക്കിനെ ഭക്ഷിക്കുന്ന ഫംഗസുകളെ കണ്ടെത്തിയെന്ന വെളിപ്പെടുത്തൽ അതുകണ്ടുതന്നെ ലോകത്തിനാകമാനം ആശ്വാസകരമാണ്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | റൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# വിവാഹേതര ബന്ധങ്ങൾ



**ലൈം**ഗിക സ്വാതന്ത്ര്യം അവകാശമായാണ് പുതുതലമുറ കാണുന്നത്. ജോലിസ്ഥലത്തും പുറത്തും സ്ത്രീ-പുരുഷന്മാർക്ക് കൂടുതൽ ഇടപഴകാൻ പറ്റുന്ന സാഹചര്യമാണ് ഇന്നുള്ളത്. ആ ഇഴയടുപ്പം കുടുംബത്തിനുണ്ടായിരുന്ന പ്രാധാന്യം കുറച്ചു. കേരള പോലീസ് രജിസ്റ്റർ ചെയ്ത മിസിംഗ് കേസുകളിൽ 65 ശതമാനം പേരും വിവാഹിതരായ സ്ത്രീകളാണ്. ഇതിൽ 15 ശതമാനം പേരും തങ്ങളേക്കാൾ പ്രായം കുറഞ്ഞ ചെറുപ്പക്കാർക്കൊപ്പമാണ് നാടുവിടുന്നത്.


കാമുകനൊപ്പം നാടുവിടുന്ന സ്ത്രീകളിൽ പത്തു ശതമാനം പേർക്ക് ഒന്നോ രണ്ടോ മക്കളുമുണ്ട്. സ്വന്തം ഭാര്യയെ വഞ്ചിച്ച് അന്യസ്ത്രീയുടെ പിന്നാലെ പോകുന്ന പുരുഷനും ഭർതൃമതിയായിരിക്കേ അന്യന്റെ കിടപ്പറയിലേക്കു പോകുന്ന സ്ത്രീയും ഒരുപോലെ കുറ്റക്കാരാണ്. അവിഹിത ബന്ധങ്ങൾക്ക് ദീർഘായുസില്ലെങ്കിലും ഇത്തരം ബന്ധങ്ങൾ കൂടിവരുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

**പങ്കാളി അവഗണിക്കുമ്പോൾ...**

പങ്കാളി അവഗണിക്കുന്നെന്ന തോന്നലുണ്ടാകുമ്പോഴാണ് പലരും വിവാഹേതര ബന്ധങ്ങളിലേക്ക് കടക്കുന്നത്. കുടുംബജീവിതത്തിലെ വീർപ്പുമുട്ടലുകൾക്കിടയിൽ ആശ്വാസവാക്കും പരിഗണനയുമൊക്കെ തരുന്നവരിൽ ചിലരെങ്കിലും ആകൃഷ്ടരാകാം. ഇന്റർനെറ്റ് യുഗത്തിൽ വെറുമൊരു മിസ്ഡ് കോളിലോ വാട്സാപ്പ് ചാറ്റിലോ തുടങ്ങുന്ന സൗഹൃദം സങ്കീർണതകളിലേക്കാണ് ചെന്നെത്തുക. താൻ അകപ്പെട്ടിരിക്കുന്ന കെണിയിൽനിന്നു പിന്തിരിയാൻ ശ്രമിക്കുമ്പോഴായിരിക്കും കൈവിട്ടുപോയ മെസേജുകളും നഗ്നചിത്രങ്ങളുമൊക്കെ കാണിച്ച് ഭീഷണിപ്പെടുത്തി വെർചൽ കാമുകൻ വീണ്ടും തെറ്റിലേക്കു കൂട്ടിക്കൊണ്ടുപോകുന്നത്. പങ്കാളിയിൽനിന്ന് ലഭിക്കാത്ത സുഖവും സന്തോഷവും ഓൺലൈൻ സൗഹൃദത്തിലെ പരിചയക്കാരനിൽനിന്നു കിട്ടുമെന്ന പ്രതീക്ഷയിൽ കുഞ്ഞുങ്ങളെ ഉപേക്ഷിച്ച് പുതിയ മേച്ചിൽപുറങ്ങൾ തേടുന്നവർ തങ്ങൾ അകപ്പെട്ട കെണി തിരിച്ചറിയുന്നില്ല. വിവാഹിതകളെ പ്രണയിക്കുന്നവരുടെ ലക്ഷ്യം ലൈംഗിക ചൂഷണം മാത്രമാണ്.

**ബ്ലാക്ക് മെയിലിംഗിന് വനിതകളും**

പുരുഷന്മാരെ വിവാഹേതരബന്ധത്തിനു പ്രേരിപ്പിക്കുന്ന സ്ത്രീകളും ഇന്നുണ്ട്. പുരുഷന്മാർ ഇവരുടെ കെണികളിൽ വീണു പോകുന്നത് അത്യപൂർവമല്ലാത്ത സംഭവങ്ങളായി മാറിയിരിക്കുന്നു. മാന്യമായി ജീവിക്കുന്ന പുരുഷൻമാരെയാണ് ഇത്തരക്കാർ വലയിൽ കുടുക്കുന്നത്.



ഇവരുടെ സ്വാധീനത്തിൽ വീണുപോയാൽ അവർക്ക് നഷ്ടമാകുന്നത് സ്വന്തം കുടുംബവും സാമ്പത്തിക നഷ്ടവും മാത്രമാണ്. ഹണി ട്രാപ്പിൽപ്പെടുന്ന പലരും മുമ്പ് അഭിമാന ഭയത്തിൽ അത് പുറത്തുപറയില്ലായിരുന്നു. പക്ഷേ, ഇന്ന് സ്ഥിതി മാറി. അടുത്തിടെ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ പരാതിയുമായെത്തിയ യുവ ഡോക്ടർക്ക് മാനത്തിനൊപ്പം പണവും നഷ്ടമായിരുന്നു.

**എന്തിലും പുതുമ തേടുന്നവർ**

എന്തിലും പുതുമ തേടുന്നവരാണ് ഇന്നത്തെ തലമുറ. അടുത്തിടെ കൊച്ചിയിൽ നടന്ന ഒരു ചർച്ചയിൽ പങ്കെടുത്ത ഐ.ടി പ്രഫഷണൽ പറഞ്ഞത് എത്ര പ്രിയമുള്ള തായാലും കുറെ കഴിയുമ്പോൾ മടുക്കും. അതുപോലെയാണ് കുടുംബജീവിതവുമെന്നാണ്. അത്തരം സാഹചര്യത്തിൽ സുരക്ഷിതമായ വിവേഹതര ബന്ധങ്ങൾ തുടരുന്നതിൽ എന്താണ് തെറ്റ് എന്നായിരുന്നു ആ ചെറുപ്പക്കാരന്റെ ചോദ്യം. ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കാൻ സ്ത്രീകൾ കൂടുതൽ താൽപര്യം കാണിച്ചു തുടങ്ങിയതോടെ മറയില്ലാതെ ലൈംഗികസുഖം ആസ്വദിക്കാൻ വിവാഹിതകളും ഇന്ന് ഒരുക്കമാണ്. വിവാഹിതകളുമായുള്ള സൗഹൃദബന്ധമാകുമ്പോൾ അതു കൂടുതൽ സുരക്ഷിതമാണെന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. വിവാഹമോചനം, കുട്ടികളുടെ ഭാവി, കുടുംബത്തിന്റെ സാമൂഹ്യസ്ഥിതി, ബന്ധുക്കൾക്കുണ്ടാകുന്ന അപമാനം എന്നിവയെല്ലാം വിവാഹേതര ബന്ധങ്ങളെ ബാധിക്കുമെന്ന് അറിയാമെങ്കിലും പലരും അൽപനേരത്തെ ആനന്ദത്തിനുവേണ്ടി അതൊക്കെ മറക്കുന്നു.

**വിവാഹേതര ബന്ധങ്ങളോട് ബൈ പറയാം**

വിവാഹേതര ബന്ധത്തിൽനിന്നുള്ള തിരിച്ചു വരവ് ഏറെക്കുറെ അസാധ്യമാണെന്ന് ഓർക്കുക. തെറ്റുപറ്റിപ്പോയെന്ന തിരിച്ചറിവുതന്നെയാണ് ഇവിടെ പ്രധാനം. ചെയ്ത കാര്യത്തിൽ കുറ്റബോധം ഉണ്ടെങ്കിൽ അത് പങ്കാളിയോട് തുറന്നു പറയണം. പങ്കാളിയോട് സത്യസന്ധത പുലർത്തുക. സ്വകാര്യത പങ്കാളികൾക്ക് ഒരിക്കലും വ്യത്യസ്തമാകരുത്. അവിടെ മറച്ചുവയ്ക്കലുകൾ പാടില്ല. പങ്കാളിയിൽ കുറ്റങ്ങൾ കണ്ടെത്തിയാൽ പോലും അത് തിരുത്താൻ ശ്രമിക്കുന്ന നല്ലൊരു സുഹൃത്താകണം. പങ്കാളി അറിയാത്ത ഒരു സുഹൃത്തും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകരുത്. ഫേസ്ബുക്ക്, വാട്സാപ്പ്, അക്കൗണ്ടുകൾ സുതാര്യമായിരിക്കണം. സോഷ്യൽ മീഡിയ സൗഹൃദങ്ങൾക്കു പരിധി നിശ്ചയിക്കുക.

**നിയന്ത്രണരേഖ വയ്ക്കാം**

വിവാഹ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും കുട്ടികളുടെ മാനസികാരോഗ്യത്തിലുമൊക്കെ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന ഒരു വില്ലനാണ് വിവാഹേതര ബന്ധം. ഒരാളും നൂറു ശതമാനം പൂർണർ അല്ലെന്നു പങ്കാളികൾ വിവാഹ ജീവിതത്തിലേക്കു കടക്കും മുമ്പേ മനസിലാക്കുകയും പങ്കാളിയെപ്പറ്റിയുള്ള അമിതപ്രതീക്ഷകളും അയഥാർഥമായ ജീവിതരീതികളും തിരിച്ചറിയുക. നിങ്ങളുടെ പങ്കാളിയിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ പരസ്പരം തുറന്ന് സംസാരിച്ച് അപാകതകൾ നികത്തണം. അതിനുപകരം അത് വിവാഹജീവിതത്തിന് പുറമേയുള്ള ഒരാളിൽനിന്ന് കണ്ടെത്താനുള്ള ശ്രമം ബുദ്ധിയല്ല.

ഒരു മെസേജ്, ഒരു ഹായ് അല്ലെങ്കിൽ ആവർത്തിച്ചുള്ള ഒരു വിളി പുറത്തുനിന്നു വരുമ്പോൾ നിങ്ങളുടെ ഇമോഷണൽ ബ്രെയിൻ ഉപയോഗിച്ച് അതിന് മറുപടി കൊടുക്കുന്നതിനു പകരം വിവേകത്തോടെ അത്തരം പ്രലോഭനങ്ങൾക്ക് തടയിടാം. ചെറിയ സന്തോഷങ്ങൾ വലിയ പൊട്ടിത്തെറികൾക്ക് കാരണമാകാതിരിക്കട്ടെ.

---



# ചാറ്റിൽ കൈവിട്ട കുടുംബജീവിതം

**അ**ക്ഷരനഗരിയിലെ ഒരു സ്കൂളിലെ അധ്യാപികയുടെ ഭർത്താവാണ് കഥാനായകൻ. മെഡിക്കൽ റെപ്രസന്റേറ്റീവ് ആയ കക്ഷിക്ക് ഭാര്യയെന്നു പറഞ്ഞാൽ ജീവന്റെ ജീവനാണ്. എത്ര വലിയ ജനക്കൂട്ടത്തിനിടയിൽ നിൽക്കുമ്പോഴും അദ്ദേഹം ഭാര്യയെ മോളുവെന്നു വിളിക്കുന്നതുകേട്ട് രോമാഞ്ചം കൊണ്ട പല ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാരോട് അവരുടെ സ്നേഹത്തെക്കുറിച്ച് പറഞ്ഞു നിർവൃതി കൊണ്ടിട്ടുണ്ട്.

ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും സുന്ദരിയായ ഭാര്യയ്ക്കൊപ്പമുള്ള ഫോട്ടോകൾ പോസ്റ്റു ചെയ്യുന്നത് അദ്ദേഹത്തിന്റെ ഹോബിയാണ്. മോളു അറിയാത്ത രഹസ്യങ്ങളൊന്നും തന്റെ ജീവിതത്തിൽ ഇല്ലെന്ന് ഇടയ്ക്കിടയ്ക്ക് ഭാര്യയെ ഓർമ്മപ്പെടുത്തി ക്കൊണ്ടിരിക്കുന്ന പുള്ളിക്കാരന്റെ ഫോണിൽ ഭാര്യയുടെ ഫിംഗർ ലോക്കുമുണ്ട്. ഫോട്ടോയ്ക്കുവരുന്ന കമന്റുകളെല്ലാം ഭാര്യയ്ക്കൊപ്പമിരുന്നേ അദ്ദേഹം വായിക്കാറുള്ളൂ. അത്രയ്ക്ക് തുറന്ന പുസ്തകമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ഒരു ഞായറാഴ്ച വൈകുന്നേരം മീൻ വാങ്ങാനായി പുറത്തേക്കു പോയ ഭർത്താവ് ഫോൺ കൊണ്ടുപോകാൻ മറന്നു. ഡൈനിംഗ് ടേബിളിലിരിക്കുന്ന ഫോണിലേക്ക് തുടരെ തുടരെ മെസേജ് വരുന്ന ശബ്ദം കേട്ടാണ് അധ്യാപികയായ ഭാര്യ ഫോൺ എടുത്തു നോക്കിയത്. മെസഞ്ചറിൽ കണ്ണൻ എവിടെയാ... എന്ന മെസേജ് കണ്ട് അവരൊന്നു ഞെട്ടി. തന്റെ സഹപ്രവർത്തകയായ അധ്യാപികയുടെ മെസേജായിരുന്നു അത്. അതിൽ പല മെസേജുകളും ഡിലീറ്റ് ചെയ്തതായി കാണപ്പെട്ടു. കുറച്ചു സമയത്തിനുശേഷം മോളു ആരെങ്കിലും വിളിച്ചിരുന്നോയെന്നു ചോദിച്ചു മീനുമായി അയാൾ എത്തി. ആരും വിളിച്ചില്ല ഏട്ടാ... എന്ന് ചിരിച്ചുകൊണ്ടു പറയുമ്പോൾ അധ്യാപികയുടെ ഉള്ളിൽ രോഷം തിളയ്ക്കുകയായിരുന്നു. പക്ഷേ, അവർ അത് പുറത്തു പ്രകടിപ്പിച്ചില്ല.

ഭർത്താവിന് ഒരു പണികൊടുക്കണമെന്നു കരുതിയ അധ്യാപിക ഫേസ്ബുക്കിൽ വ്യാജപ്പേരിൽ ഒരു അക്കൗണ്ട് ഉണ്ടാക്കി. സിനിമാ നടിയുടെ ഫോട്ടോ പ്രൊഫൈലാക്കിയശേഷം ഭർത്താവിന് ഒരു റിക്വസ്റ്റ് അയച്ചു. നിമിഷങ്ങൾക്കകം അത് ആക്സപറ്റ് ചെയ്ത മെഡിക്കൽ റെപ് വൈകാതെ മെസഞ്ചറിൽ ഹായ് പറഞ്ഞു. തന്നെയൊന്നു പരിചയപ്പെടണമെന്ന അഭ്യർഥനയിൽ ഇരുപത്തഞ്ചുകാരിയായ സോഫ്ട് വെയർ എൻജിനീയർ എന്ന രീതിയിൽ അധ്യാപിക പരിചയപ്പെട്ടു. അന്ന് രാത്രി ഏറെ വൈകിയും ഉറങ്ങാതിരുന്ന അവരുടെ മെസഞ്ചറിലേക്ക് ഉറങ്ങാറായില്ലേയെന്നു ചോദിച്ച് അയാളുടെ സന്ദേശം എത്തി. പിന്നീടുള്ള ദിവസങ്ങളിലെല്ലാം അവരുടെ ചാറ്റുകളുടെ ദൈർഘ്യം നീണ്ടു. ഒടുവിൽ ഫോൺ നമ്പർ തരണമെന്നായി അയാൾ, അതിന് അവർ തയാറായില്ല. എങ്കിൽ ഒരു ഫോട്ടോയെങ്കിലും കാണിക്കെന്ന അഭ്യർഥനയായി.

മറ്റൊരു സ്ത്രീയുമായി ഇത്രയെല്ലാം സംസാരം നടക്കുമ്പോഴും ഭാര്യയോടുള്ള അടുപ്പം കൂടുതൽ ദൃഢമാക്കാനായിരുന്നു അയാളുടെ ശ്രമം. യാതൊരു സംശയവും തോന്നാത്തവിധം കാര്യങ്ങൾ അയാൾ കൈകാര്യം ചെയ്തു. ഭാര്യ വഴക്കാളിയാണെന്നും ഈ ബന്ധം എങ്ങനെയെങ്കിലും അവസാനിപ്പിച്ച് തന്നെപ്പോലുള്ള ഒരു സുന്ദരി പെൺകുട്ടിയെ വിവാഹം കഴിക്കാനാണ് താൽപര്യമെന്നും ഒരു ദിവസം അയാൾ അവരോടു ചാറ്റിൽ പറഞ്ഞു. ഓരോ ചാറ്റിനിടയിലും പരസ്പരം കാണാത്തതിലുള്ള സങ്കടം അയാൾ പങ്കുവച്ചു.

ഒരു ദിവസം യുവതിയെ ഒന്നു നേരിൽ കാണാനായി കുമരകത്ത് ഹൗസ് ബോട്ടിൽ ചെലവഴിക്കാനായി അയാൾ ക്ഷണിച്ചു. എപ്പോഴെങ്കിലും വിളിക്കാൻ തോന്നിയാൽ വിളിക്കാനായി അയാൾ അവർക്ക് നമ്പർ നൽകിയിരുന്നു. ഇത്തരത്തിലായാൽ തന്റെ ഭർത്താവ് മറ്റാരുടെയെങ്കിലും കൂടെ പോകുമെന്നു മനസിലാക്കിയ അധ്യാപിക ക്ഷണം സ്വീകരിച്ച് കുമരകത്തേക്ക് പുറപ്പെടാൻ തീരുമാനിച്ചു. പിറ്റേന്ന് രാവിലെ ഒരു മീറ്റിംഗ് ഉണ്ടെന്നും രാത്രി വൈകിയെ വരുവെന്നും പറഞ്ഞ് പുതിയ വസ്ത്രങ്ങൾ അണിഞ്ഞ് അയാൾ രാവിലെ തന്നെ കാറിൽ കുമരകത്തേക്ക് പുറപ്പെട്ടു.

മൂളിപ്പാട്ടും പാടി വീട്ടിൽ നിന്നിറങ്ങിയ ഭർത്താവിനെ അവർ ദേഷ്യത്തോടെ നോക്കിനിന്നു, പിന്നെ അധ്യാപികയും ഒട്ടും സമയം കളഞ്ഞില്ല. സുഹൃത്തുക്കളെയും കൂട്ടി നേരെ കുമരകത്തെത്തി. ചാറ്റിൽ പറഞ്ഞ സ്ഥലത്തെത്തി മറ്റൊരു നമ്പറിൽ നിന്ന് ഭർത്താവിനെ വിളിച്ചു. അയാൾ പറഞ്ഞ സ്ഥലത്തെത്തിയ അധ്യാപിക കണ്ടത് ഹൗസ് ബോട്ടിനരുകിലായി കാമുകിയെ കാത്ത് പ്രണയാതുരനായി നിൽക്കുന്ന ഭർത്താവിനെയാണ്. ഭാര്യയെ കണ്ട് ആളൊന്നു ഞെട്ടിയെങ്കിലും മോളു എന്താ ഇവിടെയെന്ന് ചോദിച്ചതു മാത്രം അയാൾക്ക് ഓർമയുണ്ടെന്നാണ് സുഹൃത്തുക്കൾ പറയുന്നത്. ഭാര്യയുടെ കൈക്കരുത്ത് അറിഞ്ഞ അയാളെ സുഹൃത്തുക്കളാണ് വീട്ടിലെത്തിച്ചത്. ഇപ്പോൾ കക്ഷി ഫേസ്ബുക്കും ഇൻസ്റ്റഗ്രാമുമൊക്കെ ഉപേക്ഷിച്ചെന്നും പതിവിലും മാന്യനായെന്നുമാണ് സുഹൃത്തുക്കൾ പറയുന്നത്.




# ഞങ്ങളെ നാണം കെടുത്തിയേക്കരുത്



**പ**ണ്ടത്തെ പത്താം ക്ലാസ് പരീക്ഷയ്ക്ക് എന്തൊക്കെ പുകിലായിരുന്നു. ഒൻപതാം ക്ലാസിലേക്കു ജയിക്കുമ്പോൾ മുതൽ തുടങ്ങും ഉപദേശങ്ങൾ. 'അടുത്തവർഷം പത്തിൽ ആണ് കേട്ടോ... നന്നായി പഠിച്ചോണം... നല്ല മാർക്ക് വാങ്ങണം... ഞങ്ങളുടെ ഒക്കെ വലിയ പ്രതീക്ഷയാണ് നീയ്...' എന്നിങ്ങനെ പോകും അധ്യാപരുടെ വക ഉപദേശങ്ങൾ. പോയി പഠിക്ക്... പോയി പഠിക്ക്.. ഞങ്ങളെ നാണം കെടുത്തിയേക്കരുത്... എന്നിങ്ങനെ വീട്ടുകാരുടെ വക വേറെ.

അമ്മയായിരിക്കും അധ്യാപിക. ചിട്ടയായ ടൈംടേബിൾ പ്രകാരമുള്ള പഠനം. വല്ലതും തെറ്റിയാൽ ഉണ്ടക്കണ്ണും മുഴപ്പിച്ചൊരു നോട്ടം. ഇടയ്ക്കിടയ്ക്ക് എന്നെ നാണം കെടുത്തരുത്... ' എന്ന പല്ലവിയും. ഇതൊക്കെ ആവർത്തിച്ചാവർത്തിച്ചു കേൾക്കേണ്ടിവന്ന കൗമാരം... വെറുത്തുപോകും ആരായാലും ഈ പത്താം ക്ലാസിനെ!

മോഡൽ പരീക്ഷ ആകുമ്പോഴേക്കും വീട്ടുകാരുടെ ശ്രദ്ധ മുഴുവൻ നമ്മളിലേക്കാകും. പിന്നെ ബുദ്ധികൂടാൻ ഡെയ്‌ലി രണ്ടു ഗ്ലാസ് പാൽ, രണ്ടു കോഴിമുട്ട പുഴുങ്ങിയത്, ഏത്തപ്പഴം... ഒന്നും പറയേണ്ട! ആരുടെയൊക്കെയോ മുട്ടൻ പ്രതീക്ഷകൾ തന്റെ തലയിൽ കുത്തിനിറച്ചിട്ടുണ്ടെന്നും ഇനി അതെങ്ങാനും അസ്തമിച്ചാൽ ഈ ഭൂലോകം തന്നെ കീഴ്മേൽ മറിയുമെന്നും കരുതിയ ദിനരാത്രങ്ങൾ... പതിനാറായിരത്തി അഞ്ഞൂറ് കാര്യങ്ങളല്ലേ മ്മടെ തലയില്... വി ഗൈഡ്, ലേബർ ഇന്ത്യ, സ്കൂൾ നോട്ട്, ടെക്സ്റ്റ് ബുക്ക്, ഹോം വർക്ക്... ഇതെല്ലാം കൂടി തലച്ചോറിൽ കിടന്നു ഭരതനാട്യവും കുച്ചിപ്പുടിയും നാടോടി നൃത്തവും കളിക്കുന്നുണ്ടാവും

ദോഷം പറയരുതല്ലോ 'ഞാൻ പഠിച്ച മാത്രമേ പരീക്ഷയ്ക്ക് വരാവേ... എന്നൊരു പ്രാർത്ഥനയും വെച്ചുകാച്ചും. മറ്റുള്ളോർ പഠിച്ചതൊന്നും വരല്ലേയെന്ന്' നോക്കണേ അത്യാഗ്രഹം. 'ഇനിയിപ്പോൾ പഠിക്കാത്തത് വല്ലതും വന്നാൽ 'വെച്ചിട്ടുണ്ട്' എന്നൊരു ഭീഷണിയും!



മാർക്ക്‌ലിസ്റ്റ് വരും വരെ എന്നാ പരവേശമായിരുന്നു. ഏതാണ്ട് ത്രിശങ്കു സ്വർഗത്തിൽ, ഒടുവിൽ അത്യാവശ്യം നല്ല മാർക്ക് കാണുമ്പോൾ വീട്ടുകാരും നമ്മളും ഹാപ്പിയാകും. എന്നാലും ഈ ടെൻഷൻ ഉണ്ടല്ലോ. ഒന്നും പറയണ്ട!

അന്നൊക്കെ പത്താം ക്ലാസ് ഒരു കടമ്പ തന്നെ. ജീവിത്തിന്റെ വഴിത്തിരിവ് അതായിരുന്നു എന്നും പറയാം, മിനിമം പത്താം ക്ലാസെങ്കിലും പാസായിരിക്കണം. അത്രേം എങ്കിലും പഠിച്ചില്ലെങ്കിൽ പെണ്ണുകിട്ടാനും പാടാണേ. പെൺകുട്ടികളെ ഭീഷണിപ്പെടുത്തുന്നത് പത്താം ക്ലാസ് പാസായില്ലെങ്കിൽ പിടിച്ചു കെട്ടിക്കും എന്നു പറഞ്ഞായിരുന്നു. അതു കേട്ട് പാസാവാത്തവരും കാണും!

ഇപ്പോൾ പത്താം ക്ലാസ് പരീക്ഷ ബാലികേറാ മലയൊന്നുമല്ല. എഴുതുന്ന മിക്കവർക്കും എ പ്ലസ് തന്നെ. മക്കളുടെ മാർക്ക് ലിസ്റ്റ് ഫേസ് ബുക്കിലും വാട്സാപ്പിലുമൊക്കെ പ്രദർശിപ്പിക്കുന്നത് കാണുമ്പോൾ ഇതിന്റെ ആവശ്യമുണ്ടോയെന്നു തോന്നാറുണ്ട്. കവലകൾ തോറും ഫ്ളക്സ് നാട്ടി എ പ്ലസ് കുട്ടികൾക്കു സ്വീകരണം ഒരുക്കുമ്പോൾ ഇതിലൊന്നും പെടാതെ മാറിനിൽക്കുന്ന ഒരു വിഭാഗം കുട്ടികളില്ലേ. സമൂഹം മുഴുവൻ ഇവരെ തകർക്കുന്നപോലെ ചിലപ്പോൾ തോന്നും.

എ പ്ലസ് കിട്ടാത്ത കുഞ്ഞുങ്ങൾ വിഷമിക്കേണ്ട കാര്യമൊന്നുമില്ല. ജീവിതവിജയവുമായി വലിയ ബന്ധമൊന്നും ഇക്കാലത്ത് ഈ പരീക്ഷയ്ക്കില്ലെന്നു വേണം കരുതാൻ. മാർക്ക് വച്ച് ഒരു കുട്ടിയെയും നമുക്ക് അളക്കാൻ കഴിയില്ല എന്നതാണു വാസ്തവം. അതു മാതാപിതാക്കളും മനസിലാക്കേണ്ടതാണ്.

സ്കൂൾ കാലഘട്ടങ്ങളിൽ വലിയപ്രകടനം കാഴ്ചവയ്ക്കാത്ത എത്രയോ കുട്ടികൾ അതിശയിപ്പിക്കുന്ന രീതിയിൽ ഭാവിജീവിതം മുൻപോട്ടുകൊണ്ടുപോയിട്ടിട്ടുണ്ട്. അതിന്റെ കാരണം മറ്റൊന്നുമല്ല, അവർക്കിഷ്ടമുള്ള കാര്യങ്ങൾ, ഇഷ്ടമുള്ള രീതിയിൽ പുറംലോകത്തുനിന്നു പഠിച്ചെടുക്കാനുള്ള കഴിവ് അവരാർജിക്കുന്നു അത്രമാത്രം. ജീവിതമിങ്ങനെ നീണ്ടുനിവർന്നു കിടക്കുകയല്ലേ. അവിടെ നിങ്ങൾ തളരാതിരിക്കുക.

# യുദ്ധകാലത്തെ ടിഷ്യൂ



**ന**മ്മൾ മുഖം തുടയ്ക്കാൻ ഉപയോഗിക്കുന്ന നേർത്ത ടിഷ്യൂ പേപ്പർ അറിയില്ലേ? അവ ആദ്യമായി നിർമ്മിച്ചത് മുഖം തുടയ്ക്കാൻ വേണ്ടിയായിരുന്നില്ല. ഒന്നാം ലോക യുദ്ധകാലത്ത് ഗ്യാസ് മാസ്കിനുള്ളിൽ ഫിൽറ്റർ ആയി വെയ്ക്കാൻ വേണ്ടിയാണ് ഈ ടിഷ്യൂ പേപ്പർ നിർമ്മിച്ചത്. കിംബർലി ക്ലാർക്ക് എന്ന കമ്പനി ക്ലീനക്സ് എന്ന പേരിലായിരുന്നു ടിഷ്യൂ പേപ്പർ വിറ്റിരുന്നത്. ക്ലീനക്സ് ടിഷ്യൂകൾ ഇന്നും വിപണിയിലുണ്ട്.

# ചിക്കൻ ഇല്ലാത്ത ബിരിയാണി!



**വീ**ട്ടിൽ ആറ് ഉണ്ണിയപ്പം വാങ്ങിയിട്ട്, ഭർത്താവിനും (അല്ലെങ്കിൽ ഭാര്യക്കും) രണ്ടു കുട്ടികൾക്കും രണ്ടെണ്ണം വീതം കൊടുത്തിട്ട് എനിക്ക് ഉണ്ണിയപ്പം ഇഷ്ടമല്ല എന്നു പറഞ്ഞ് ഉണ്ണിയപ്പമേ കഴിക്കാത്തവരെ കണ്ടിട്ടുണ്ടാവുമല്ലോ? അല്ലെങ്കിൽ ബിരിയാണി ഉണ്ടാക്കി അതിലെ ചിക്കൻ കഷണങ്ങൾ മുഴുവനായി മറ്റുള്ളവർക്കായി കൊടുത്തിട്ട്, ചോറ് മാത്രം കഴിച്ചു ത്യാഗം ചെയ്യുന്നവരെയും കണ്ടിട്ടുണ്ടാവും. ഇത് കുടുംബത്തിൽ ഒരു നല്ല മെസേജ് ആണോ നൽകുന്നത്? അല്ല. ഇങ്ങനെയുള്ളിടത്ത് 'ഫെയർ ഷെയർ' എന്ന സങ്കല്പം ഒരിക്കലും ഉണ്ടാവാൻ വഴിയില്ല. എല്ലാവരും കൂടി ഇരുന്ന് എല്ലാവർക്കും തുല്യമായി വീതിക്കുന്നതാണ് 'ഫെയർ ഷെയർ', ആഹാരം മാത്രമല്ല വീട്ടിലെ ജോലികളും തുല്യമായി വീതിച്ചു എല്ലാവരും കൂടി ചെയ്യുന്നതും ഫെയർ ഷെയർ ആണ്. ഈ ബോധം നമ്മുടെ സമൂഹത്തിൽ ഇല്ലാത്തതുകൊണ്ടാണ്, ബുഫേ ഡിന്നർ നടത്തുമ്പോൾ ചിലപ്പോൾ അവസാനം വരുന്നവർക്ക് ചിക്കൻ ഇല്ലാത്ത ബിരിയാണി കഴിക്കേണ്ടി വരുന്നത്. കുട്ടികൾക്ക് ചെറുപ്പത്തിലേ ഉണ്ടാക്കിയെടുക്കേണ്ട ഒരു ക്വാളിറ്റി ആണ് 'ഫെയർ ഷെയർ' എന്ന ബോധം. ആരെങ്കിലും ടൂറോ, ഔദ്യോഗിക യാത്രകളോ കഴിഞ്ഞുവരുമ്പോൾ ഒരു ബോക്സ് ചോക്കലേറ്റ് വാങ്ങിക്കൊണ്ടു വരുന്ന ഒരു രീതി ഉണ്ടായിരുന്നു. പത്തു പേരുള്ള ഓഫീസിൽ ഒരു ബോക്സിൽ ഉണ്ടാവാറുള്ള അൻപതോളം ചോക്കലേറ്റുകൾ രണ്ടോ മൂന്നോ ദിവസംകൊണ്ടു തീരും. എല്ലാവർക്കും നാല് അഞ്ച് ഒക്കെ വച്ചു കിട്ടും. പക്ഷെ അവസാനത്തെ ഒരു ചോക്കലേറ്റ് ആരും എടുക്കില്ല. അതിങ്ങനെ ഒരാഴ്ച്ച കൂടി അവിടെ കിടക്കും. ഒരാഴ്ച്ച കഴിഞ്ഞു ആരും എടുത്തില്ലെങ്കിൽ ആരെങ്കിലും ഒരാൾ എല്ലാവരോടും ചോദിക്കും നിങ്ങൾ എല്ലാവരും കഴിച്ചല്ലോ, ഇല്ലേ? ഞാൻ ഇതെടുക്കുകയാണ്. അവസാനത്തെ ചോക്കലേറ്റ് ചോദിക്കാതെ എടുത്തു കഴിക്കുന്നത് മര്യാദ ഇല്ലാത്ത കാര്യമാണെന്നു മനസിലാക്കാൻ കുറെ നാളുകളെടുത്തു.

തുല്യമായി പങ്കുവയ്ക്കുക എന്ന മെസേജ് കുടുംബങ്ങളിൽ നിന്നാണു തുടങ്ങേണ്ടത്. ബിരിയാണിയിലെ ചിക്കൻ മറ്റുള്ളവർക്കെല്ലാം കൊടുത്തിട്ട് ചോറ് മാത്രം കഴിക്കുന്നതും, ഉണ്ണിയപ്പം ഇഷ്ടമല്ലെന്നു പറഞ്ഞു കഴിക്കാതെ ഇരിക്കുന്നതും കുട്ടികളിൽ ഒരുപക്ഷെ തെറ്റായ സന്ദേശമാവും നൽകുക. പങ്കുവയ്ക്കുന്നതാണ് കരുതൽ എന്ന മെസേജാണ് കൊച്ചുകുട്ടികൾക്ക് കൊടുക്കേണ്ടത്.

## THE POT CALLING THE KETTLE BLACK




**മ**റ്റൊരാളെ ഏതെങ്കിലും കാര്യത്തിൽ വിമർശിക്കുന്ന ഒരാളെ അതേ കാര്യത്തിന്റെ പേരിൽ ആളുകൾ വിമർശിക്കുന്നതിന് പറയുന്ന ശൈലിയാണ് 'THE POT CALLING THE KETTLE BLACK'. പണ്ട് പാത്രങ്ങളും കെറ്റിലുകളും ഇരുമ്പുകൊണ്ട് ഉണ്ടാക്കുന്നവയായിരുന്നു. അടുപ്പത്തു വച്ചാൽ അവ കറുത്തു പോകും. ഇതിൽനിന്നാണ് ഈ ശൈലിയുടെ വരവ്.



സ്പാനിഷ് എഴുത്തുകാരനായ സെർവാൻസിന്റെ (Cervantes) പ്രശസ്ത കൃതി ഡോൺ ക്വിക്സോട്ടിലാണ് (Don Quixote) 1600–ൽ ആദ്യമായി ഇത്തരമൊരു ശൈലി പ്രത്യക്ഷപ്പെട്ടത്.

പിന്നിലേക്ക് നടക്കുന്ന കുഞ്ഞിനെ അമ്മഞണ്ട് വഴക്കു പറയുമ്പോൾ കുഞ്ഞുഞണ്ട് പറയുന്നു: "അമ്മ ശരിയായി നടന്നു കാണിച്ചുതരൂ." പ്രശസ്തമായ ഈ ഈസോപ്പ് കഥയുടെ ആശയത്തിനും ഈ ശൈലിയുമായി ബന്ധമുണ്ട്.

## WORTH YOUR SALT



**ഒ**രാൾ തന്റെ തൊഴിലിൽ കാര്യക്ഷമതയുള്ളവനായിരിക്കുക എന്ന അർഥത്തിൽ പ്രയോഗിക്കുന്ന ശൈലിയാണ് 'Worth your salt'.

പുരാതന റോമിൽ വാണിജ്യത്തിനും കച്ചവടത്തിനും പണത്തിനു പകരം ഉപ്പ് ഉപയോഗിച്ചിരുന്നു. അന്ന്, റോമൻ സൈനികർക്ക് ഉപ്പ് പ്രതിഫലമായി കൊടുത്തിരുന്നു. ഇതിൽ നിന്നാണ് ഈ ശൈലിയുടെ വരവ്. 'Salarium' എന്ന ലാറ്റിൻ വാക്കിൽനിന്നാണ് 'Salary' എന്ന വാക്കുണ്ടായത്. 'Sal' എന്ന ലാറ്റിൻ വാക്കിന് ഉപ്പ് എന്നാണ് അർഥം.

# അടുത്തു ചെന്നാൽ അടുത്തു വരും



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

“ദൈവത്തോട് അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും” (യാക്കോബ് 4:8)

നിത്യജീവിതത്തിന്റെ തിരക്കുകൾക്കിടയിലും ദൈവത്തോട് വളരെ അടുത്ത ബന്ധം സ്ഥാപിക്കുകയും അതു നിലനിർത്തുകയും ചെയ്യുക ഏതൊരു ക്രിസ്തുശിഷ്യനും ആഗ്രഹിക്കുന്നത് അതാണ്. പക്ഷേ അതെങ്ങനെ കഴിയും?

ഇവിടെ യാക്കോബ് പറയുന്നത് നാം ദൈവത്തോട് അടുത്തുചെന്നാൽ അവിടുന്നു നമ്മോട് അടുത്തുവരും എന്നാണ്. അപ്പോഴും ഒരു ചോദ്യം അവശേഷിക്കുന്നു നമുക്ക് എങ്ങനെ ദൈവത്തോട് അടുത്തു ചെല്ലുവാൻ സാധിക്കും? ദൈവത്തോട് അടുത്തുചെല്ലുക എന്നു പറഞ്ഞാൽ ദൈവികകാര്യങ്ങളോട്, ദൈവസാന്നിധ്യത്തിന്റെ പ്രതീകങ്ങളോട്, അടുത്തുചെല്ലുക എന്നാണു നാം കരുതുന്നത്. പ്രതീകങ്ങളോടുള്ള അടുപ്പം ദൈവത്തോടുള്ള അടുപ്പം ആകണമെന്നില്ല. ഉദാഹരണത്തിന് യിസ്രായേലിന്റെ ഒരനുഭവം കാണുക. യിസ്രായേലിനെ സംബന്ധിച്ചിടത്തോളം ദൈവിക സാന്നിദ്ധ്യത്തിന്റെ പ്രതീകം പെട്ടകമായിരുന്നു. അവിടെയാണു ദൈവസാന്നിദ്ധ്യം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത് (പുറപ്പാട് 25:10–22). അങ്ങനെയിരിക്കെ, യിസ്രായേൽ കനാനിൽ ജീവിക്കുന്ന കാലത്ത് ഏബെൻ ഏരിൽ വച്ച് അവരും ശത്രുക്കളായ ഫെലിസ്ത്യരും തമ്മിൽ ഏറ്റുമുട്ടി. യുദ്ധത്തിൽ യിസ്രായേലിലെ നാലായിരം പേർ കൊല്ലപ്പെട്ടു. ദൈവത്തിന്റെ സാന്നിദ്ധ്യം തങ്ങളോടൊപ്പം ഇല്ലാതിരുന്നതാണ് ഈ തോൽവിക്കു കാരണമെന്ന് യിസ്രായേൽ മൂപ്പന്മാർ അനുമാനിച്ചു. അതുകൊണ്ട് അടുത്തദിവസം യുദ്ധത്തിനു മുൻപ് അവർ ‘കെരൂബുകളുടെ മദ്ധ്യേ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവയുടെ നിയമ പെട്ടകം’ ശീലോവിൽ നിന്നു പാളയത്തിൽ വരുത്തി. ഇക്കുറി പെട്ടകത്തിന്റെ സാന്നിധ്യം തങ്ങളെ വിജയത്തിലേക്കു നയിക്കുമെന്നായിരുന്നു യിസ്രായേലിന്റെ വിശ്വാസം. പക്ഷേ അങ്ങനെയല്ല സംഭവിച്ചത്. അന്ന് യിസ്രായേലിലെ മുപ്പതിനായിരം പടയാളികളും മഹാപുരോഹിതനായ ഏലിയുടെ രണ്ടുപുത്രന്മാരും കൊല്ലപ്പെടുകയും ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുക്കുകയും ചെയ്തു. (1 ശമുവേൽ 4:1–11).



ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായി യിസ്രായേൽ കരുതിയിരുന്ന നിയമപെട്ടകം പടക്കളത്തിൽ വരുന്നതിനു മുൻപ് നാലായിരം പേർ കൊല്ലപ്പെട്ടെങ്കിൽ പെട്ടകം വന്നശേഷം മുപ്പതിനായിരം ആളുകളാണു വധിക്കപ്പെട്ടത്. ഏഴിരട്ടി സംഹാരം. എവിടെയാണു കണക്കുകൂട്ടലുകൾ പാളിപ്പോയത്? ഉത്തരം ലളിതം: ദൈവത്തിന്റെ പ്രതീകത്തോടുള്ള അടുപ്പം ദൈവത്തോടുള്ള അടുപ്പം ആകണമെന്നില്ല.

ഇന്നും നാം ദൈവസാന്നിധ്യത്തിന്റെ നിദർശനമായി കാണുന്ന പല കാര്യങ്ങളുണ്ട്. കൂട്ടായ്മയായോഗങ്ങൾ, ഉപവാസ പ്രാർത്ഥനകൾ, കൺവെൻഷനുകൾ, സുവിശേഷ പ്രവർത്തനങ്ങൾ എന്നിങ്ങനെ. പക്ഷേ ഇവയോടൊക്കെ അടുത്തു നില്ക്കവേ തന്നെ ദൈവത്തിൽ നിന്ന് ഹൃദയം കൊണ്ട് അകലെ ആയിരിക്കാനുള്ള സാധ്യത ഏറെയാണ്. ഈ അപകടത്തിലേക്ക് യേശു തന്നെ വിരൽ ചൂണ്ടിയതു കാണുക: “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല” (യോഹന്നാൻ 5:39,40). നോക്കുക. തിരുവെഴുത്തുകളെ ശോധന ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന ഒരു കൂട്ടർ. പക്ഷേ അവർ യേശുവിൽ നിന്ന് അകലെയാണ്. ഇന്ന് നമ്മുടെ അവസ്ഥ എന്താണ്?

അങ്ങനെയെങ്കിൽ ദൈവത്തോടുള്ള അടുത്ത ബന്ധം എങ്ങനെ ലഭ്യമാകും? ദൈവത്തോടുള്ള സ്പർശ്യത നിലനിർത്താൻ എങ്ങനെ കഴിയും?

‘ദൈവത്തോട് അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും’ എന്ന വചനത്തോടു ചേർത്തു യാക്കോബ് പറയുന്നതു ശ്രദ്ധിക്കുക: ‘...കൈകളെ വെടിപ്പാക്കുവിൻ.. ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ. സങ്കടപ്പെട്ടു ദുഃഖിച്ചു കരയുവിൻ. നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ.’ (4:9). ഉവ്വ്, അനുതാപം ഉള്ള ഒരു ഹൃദയം ദൈവത്തോട് അടുത്തിരിക്കുന്നു. തുടർന്നു യാക്കോബ് പറയുന്നു: “കർത്താവിന്റെ സന്നിധിയിൽ താഴുവിൻ’. (4:10). താഴ്മയുള്ളിടത്തു കൃപ ലഭിക്കും (4:6; പത്രോസ് 5:5).

ദൈവത്തോടുള്ള മോശെയുടെ അപേക്ഷയും ദൈവത്തിന്റെ മറുപടിയും ഈ സത്യത്തിന് അടിവരയിടുന്നു. “എന്നോടും നിന്റെ ജനത്തോടും കൃപ ഉണ്ടെന്നുള്ളത് ഏതിനാൽ അറിയും? നീ ഞങ്ങളോടു കൂടെ പോരുന്നതിനാലല്ലയോ?” (പുറപ്പാട് 33:16). യഹോവ മോശയോട് “എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു. ഞാൻ നിന്നെ അടുത്ത് അറിഞ്ഞുമിരിക്കുന്നു’ (33:17). ദൈവത്തിന്റെ സാമീപ്യം ഉറപ്പുതരുന്ന മറ്റൊരു ഘടകം ദാവീദ് ഇങ്ങനെ വിശദീകരിക്കുന്നു: ഹൃദയം നുറുങ്ങിയവർക്ക് യഹോവാ സമീപസ്ഥൻ’ (സങ്കീ.34:18). ഹനനയാഗം, ഹോമയാഗം എന്നിവയെക്കാൾ ദൈവത്തിനു പ്രസാദമായതും ദൈവം തള്ളിക്കളയാത്തതുമായ ഒന്ന് തകർന്ന മനസ്സും തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയവുമാണെന്ന് ദാവീദ് പറയുന്നതും ശ്രദ്ധിക്കുക (51:16,17). ക്രൂശുവഹിക്കുമ്പോൾ, യേശുവിന്റെ മരണത്തോട് അനുരൂപപ്പെടുമ്പോൾ, നാം ദൈവത്തെ അറിയുകയാണെന്നു പൗലോസ് തന്റെ വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു സാക്ഷിക്കുന്നതു ശ്രദ്ധിക്കുക (ഫിലിപ്യ 3:10, 2 കൊരി. 4:10,11). യേശുവിന്റെ നിന്ദ ചുമന്നുകൊണ്ടു പാളയത്തിനു പുറത്തു ചെന്നാൽ അവിടുത്തെ അടുക്കൽ എത്തുമെന്ന് എബ്രായ ലേഖനകാരൻ വെളിപ്പെടുത്തുന്നു (13:13). തന്നെ ഏറ്റുപറഞ്ഞ പിറവിക്കുരുടനെ മതലോകം തള്ളിക്കളയുകയും ഒറ്റപ്പെടുത്തുകയും ചെയ്തപ്പോൾ യേശു അവനെ തേടിച്ചെന്നതും ഇതോടു ചേർത്തുവായിക്കേണ്ടതുണ്ട്. (യോഹ. 9:35).





# സമർപ്പണാനന്തര ജീവിതം

യേശുവിനായി ജീവിതത്തെ സമർപ്പിക്കുക. അതോടെ പ്രശ്നങ്ങൾക്കെല്ലാം ശാശ്വതപരിഹാരമായി. ഇന്നു നാം പ്രഘോഷിക്കുന്ന സുവിശേഷത്തിന്റെ കാതൽ ഇതാണ്.

പ്രശ്നങ്ങൾ എന്നു കേൾക്കുമ്പോൾ ആളുകൾ പെട്ടെന്ന് ഓർക്കുന്നത് അവരുടെ ഭൗതികമായ പ്രശ്നങ്ങളാണ്. ഇതെല്ലാം യേശുവിനെ സ്വീകരിക്കുന്നതോടെ ഒറ്റയടിക്കു പരിഹരിക്കപ്പെടുമെങ്കിൽ ‘ഹാ എത്ര എളുപ്പം’ എന്നു ചിന്തിച്ച് ഭാവി ഭദ്രമാക്കാൻ ഒരു ലോട്ടറി ടിക്കറ്റെടുക്കുന്ന ലാഘവത്തോടെ ആളുകൾ മുന്നോട്ടു വന്നേക്കാം. പക്ഷേ തന്നെ അന്വേഷിക്കുന്നവരുടെ ഭൗതിക ആവശ്യങ്ങളെക്കുറിച്ചു യേശു തന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. അതിതാണ് ‘നിങ്ങളൊന്നാമത് എന്റെ രാജ്യവും എന്റെ നീതിയും അന്വേഷിക്കുക. അതോടെ ഭൗതിക ജീവിതത്തിന് ആവശ്യമുള്ളത് കൂട്ടിച്ചേർക്കപ്പെടും.’

ഇവിടെ രണ്ടു കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്. ഒന്ന്: നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം നൽകുമെന്നല്ല കർത്താവ് പറഞ്ഞത്. ദൈനംദിന ജീവിതത്തിൽ ആവശ്യമുള്ളത് തരും എന്നാണ്. അവിടുത്തെ രാജ്യത്തിനും നീതിക്കും മുൻഗണന നൽകി അത് അന്വേഷിക്കുന്നവരെ അവിടുന്ന് ലജ്ജിപ്പിക്കില്ലെന്നു സാരം. രണ്ട് ആത്മീയ, ഭൗതികകാര്യങ്ങളിൽ പ്രാധാന്യം ആത്മീയകാര്യത്തിനാണ്. ദൈവരാജ്യത്തിനായി മനസ്സുവച്ച് അന്വേഷിക്കുന്നവർക്കു ഭൗതികമായ ആവശ്യങ്ങൾ കൂടി നൽകപ്പെടും എന്നു പറയുമ്പോൾ പ്രാധാന്യം ഏതിനാണെന്നു വ്യക്തമാണല്ലോ.



കർത്താവിനായി ജീവിതം സമർപ്പിക്കുന്നവരുടെ ഭൗതികപ്രശ്നങ്ങളെക്കുറിച്ചുള്ള ദൈവിക നിലപാടിനെപ്പറ്റിയാണ് നമ്മൾ ഇതുവരെ പറഞ്ഞത്. അവരുടെ ആത്മീയപ്രശ്നങ്ങളോ? ദൈവമുമ്പാകെ കീഴടങ്ങുമ്പോൾ, ജീവിതം സമർപ്പിക്കുമ്പോൾ, ആളുകളുടെ ആത്മീയ പ്രതിസന്ധികൾക്കു ശാശ്വത പരിഹാരമാകുമോ? ഉവ്വ്, സമർപ്പണമാണ് അതിനുള്ള ഏക വഴി. എന്നാൽ ദൈവത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ചിട്ടുള്ള പലരെ സംബന്ധിച്ചും അവരുടെ ആത്മീയജീവിതത്തിൽ പിന്നീടും പ്രതിസന്ധികളും പിൻമാറ്റങ്ങളും ഉണ്ടാകുന്നത് നാം കാണുന്നുണ്ടല്ലോ. ഇതിനെ നമുക്ക് എങ്ങനെയാണു വിശദീകരിക്കാനാവുന്നത്?


സമർപ്പണാനന്തര ജീവിതത്തിൽ ആത്മീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുന്നില്ലെങ്കിൽ അതിനു രണ്ടുകാരണങ്ങൾ ഉണ്ടാകാം. തങ്ങൾക്കായി ചിലത് പിടിച്ചുവച്ചിട്ടാണ് സമർപ്പിച്ചത് എന്നതാണ് ഒരു കാരണം. സമർപ്പണത്തിനു ശേഷം ഓരോ ദിവസവും സ്വന്ത ഇച്ഛയേയും പ്രശ്നങ്ങളേയും സമർപ്പിക്കുകയും എല്ലാ കാര്യങ്ങളിലും അനുസരണം തുടരുകയും ചെയ്യുന്നില്ല എന്നതാണു രണ്ടാമത്തെ കാരണം.

നമ്മുടെ സമർപ്പണം അപൂർണ്ണമാണെങ്കിൽ, നാം നമുക്കായി ചിലതു പിടിച്ചുവച്ച ശേഷമാണു ദൈവത്തിനായി സമർപ്പിച്ചിട്ടുള്ളതെങ്കിൽ, പിൽക്കാല ജീവിതത്തിൽ അതു പിൻമാറ്റത്തിനും ആത്മീയപ്രതിസന്ധിക്കും ഇടയാക്കും. ദൈവമുമ്പാകെയുള്ള ഇന്നത്തെ പല സമർപ്പണങ്ങളും ഇങ്ങനെയാണ്. അവർ ഉപേക്ഷിക്കേണ്ടതിനെ പൂർണ്ണമായി ഉപേക്ഷിക്കുകയോ യാഗപീഠത്തിൽ വയ്ക്കേണ്ടതിനെ പൂർണ്ണമായി അടിയറവയ്ക്കുകയോ ചെയ്യാത്ത പകുതി വെന്ത സമർപ്പണങ്ങൾ. യൂറോപ്പിന്റെ ചരിത്രത്തിൽ നിന്ന് ഇതിനു രസകരമായ ഒരു ഉദാഹരണമുണ്ട്. ആദ്യകാല യൂറോപ്പിലെ പോരാളികളായ ജനവിഭാഗമായിരുന്നു സാക്സൻസ്. അവരെ തോല്പിച്ച പ്രശസ്ത പടനായകൻ ചാർലി മെയ്ൻ ചവിട്ടു നാടകങ്ങളിൽ വിവരിക്കുന്ന വീരചരിതത്തിന്റെ ഉടമയായ ‘കാറൽ മാൻ’ തന്നെയാണ്. അദ്ദേഹം ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. തന്റെ പടയാളികൾ സ്നാനപ്പെട്ടു ക്രിസ്ത്യാനികളാകണം. സാക്സൺ പോരാളികൾ അതേക്കുറിച്ച് ആലോചിച്ച ശേഷം സമ്മതം മൂളി. പക്ഷേ ഒരു നിബന്ധന. സ്നാനപ്പെടുമ്പോൾ അവർ തങ്ങളുടെ വലതുകൈ ഉയർത്തിപ്പിടിക്കും, ശിരസ്സുവരെ വെള്ളത്തിനടിയിൽ താഴ്ത്താൻ അവർ തയ്യാർ. എന്നാൽ തങ്ങൾ വാൾ ഏന്തുന്ന വലതുകൈ വെള്ളത്തിനുമുകളിൽ ഉയർന്നിരിക്കും. കാരണം സ്നാനം കഴിഞ്ഞാലും യുദ്ധം ചെയ്യുന്ന സ്വഭാവം ഉപേക്ഷിക്കാൻ വയ്യ. വലതുകൈകൂടി സ്നാനജലത്തിനടിയിലൂടെ കടന്നുപോയാൽ പിന്നെ ആ കൈ കൊണ്ടു യുദ്ധം ചെയ്യുന്നതെങ്ങനെ? ഒടുവിൽ അവരെല്ലാവരും കൈ ഉയർത്തിപ്പിടിച്ചു സ്നാനപ്പെട്ടു ക്രിസ്ത്യാനികളായെന്നാണു ചരിത്രം.

ഇതുപോലെ ചില കാര്യങ്ങൾ ഉപേക്ഷിക്കാതെ ബോധപൂർവ്വം പിടിച്ചുവയ്ക്കുന്ന സമർപ്പണങ്ങൾ അതിൽത്തന്നെ തകരാറുള്ളവയാണ്, അപൂർണ്ണവും. അത്തരം സമർപ്പണങ്ങളുടെമേൽ പണിയപ്പെടുന്ന ക്രിസ്തീയജീവിതങ്ങൾ കാറ്റിനേയും ഓളങ്ങളേയും അതിജീവിക്കുകയില്ലെന്നതു വ്യക്തമല്ലേ?


സമർപ്പണാനന്തര ജീവിതത്തെ ഉപരിപ്ലവമാക്കുന്ന രണ്ടാമത്തെ ഘടകം ദിനംതോറും സമർപ്പണത്തിൽ തുടരുന്നില്ല എന്നതാണ്. സമർപ്പണം ഒരിക്കലായി എന്നേക്കുമുള്ളതാണ്. എന്നാൽ സമർപ്പണത്തിനുശേഷമുള്ള ജീവിതത്തിലും നാം ഓരോ ദിവസവും നമ്മുടെ സ്വയത്തേയും പ്രശ്നങ്ങളേയും ദൈവമുൻപാകെ സമർപ്പിക്കുകയും അനുസരണത്തിന്റെ വഴിയിലൂടെത്തന്നെ പോകുകയും വേണം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



സ്വർഗ്ഗത്തെക്കുറിച്ചുള്ള പൗരാണിക സങ്കല്പത്തിന്റെ വെളിച്ചത്തിലെ തുറന്ന വാതിൽ എന്ന പ്രയോഗം മനസ്സിലാക്കാൻ കഴിയൂ. ഭൂമിക്കു മുകളിൽ കമാനംപോലെ വിരിച്ചുനിർത്തിയിരിക്കുന്ന ആകാശം, ആകാശത്തിനുമുകളിൽ മുകളിൽ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം. തുറന്ന വാതിലും 'കയറിവരൂ' എന്ന ആഹ്വാനവും ദൈവിക വെളിപ്പാടു ലഭിക്കാൻ പോകുന്നതിന്റെ സൂചനകളാണ്. ദൈവിക സന്നിധിയിലേക്കു പ്രവേശിക്കാൻ ക്രിസ്തുവാണ് മനുഷ്യനെ അർഹനാക്കുന്നത്. ദൈവിക പദ്ധതിയിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന ലോകചരിത്രത്തിന്റെ ഭാവിയെക്കുറിച്ച് ദൈവം വെളിപ്പെടുത്തിയാലേ മനുഷ്യന് എന്തെങ്കിലും ഗ്രഹിക്കാനാവൂ. ഇപ്രകാരമൊരു വെളിപ്പാടാണ് ഇവിടെ ലഭിക്കാൻ പോകുന്നത് എന്ന് ഈ വാക്യം അറിയിക്കുന്നു.

സ്വർഗ്ഗീയ സദസിനെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണത്തിൽ എസെ. 1; ഏശ 6; ദാനി 7 എന്നീ പഴയനിയമ ഭാഗങ്ങളുടെ സ്വാധീനം ദൃശ്യമാണ്. സ്വർഗത്തിലേക്കു കടന്നു ചെല്ലാനും ദൈവിക മഹത്വവും ദൈവിക പദ്ധതികളും കണ്ടു മനസ്സിലാക്കാനും മനുഷ്യർ ക്ഷണിക്കപ്പെടുന്നത് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളുടെ പൊതുവായൊരു പ്രത്യേകതയാണ്. ദൈവമാണ് ചരിത്രത്തെ നയിക്കുന്നതെന്നുള്ള ഉറച്ച വിശ്വാസം ഏറ്റു പറയുന്ന ഒരു സാഹിത്യസങ്കേതമാണിത്.

**4:2** മനുഷ്യപുത്ര ദർശനമെന്നതുപോലെതന്നെ ഈ ദർശനവും ഒരാത്മീയാനുഭവമാണ്. നഗ്നനേത്രങ്ങൾക്ക് അദൃശ്യമായ ദൈവികമേഖലയിലേക്ക് ഉണർത്തപ്പെടുന്ന ഗ്രന്ഥകാരൻ ആദ്യമേ കാണുന്നത് ദൈവത്തെയല്ല, സ്വർഗ്ഗീയ സിംഹാസനമാണെന്നതു ശ്രദ്ധേയമത്രേ. ദൈവം എന്ന പേരുപോലും ഇവിടെ ഉപയോഗിക്കുന്നില്ല. സിംഹാസനസ്ഥൻ എന്നുമാത്രമാണ് ദൈവത്തെക്കുറിച്ചു പറയുന്നത്. പഴയനിയമത്തിൽ പൊതുവേ കാണുന്നതാണ് സിംഹാസനാരൂഢനായ ദൈവത്തിന്റെ ചിത്രം (1 രാജാ. 22:19; സങ്കീ. 11:4; 47:8; ഏശ. 6:1). ദൈവത്തോടുള്ള നിസ്സീമമായ ആദരവു പ്രകടമാക്കുന്നതോടൊപ്പം സൃഷ്ടപ്രപഞ്ചത്തിന്റെമേലുള്ള ദൈവത്തിന്റെ ആധിപത്യം ഏറ്റുപറയുകയും ചെയ്യുന്നതാണ് സിംഹാസനത്തെക്കുറിച്ചുള്ള പരാമർശം.

**4:3** അദൃശ്യനും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യനുമായ ദൈവത്തിന്റെ രൂപം വർണ്ണിക്കുക അസാധ്യമത്രേ. ദൈവിക സാന്നിധ്യത്തിന്റെ ഏറ്റം മനോഹരമായ ഒരു ചിത്രം വരയ്ക്കാനാണ് മൂന്നു രത്നങ്ങളുടെ പ്രതീകത്തിലൂടെ യോഹന്നാൻ ശ്രമിക്കുന്നത്. പ്രകാശം പ്രസരിപ്പിക്കുന്ന സൂര്യകാന്തവും, രക്തവർണ്ണമായ മാണിക്യവും ചേർന്ന് ജ്വലിക്കുന്ന അഗ്നിയുടെ പ്രതീതി ഉളവാക്കുന്നു (എസ. 1:27). ദാനിയേലിന്റെ പുസ്തകത്തിലെ ദൈവദർശനത്തോട് (ദാനി. 7:9–10) ഇതിനു സാമ്യമുണ്ട്. ദൈവം പ്രകാശത്തെ ഉടയാടയാക്കിയെന്നും (സങ്കീ. 104:2) മനുഷ്യന് അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നു (1 തിമോ. 6:16) എന്നും പറയുമ്പോൾ ഇതേ ആശയംതന്നെയാണ് ബൈബിൾ അവതരിപ്പിക്കുന്നത്. മരതകം പോലുള്ള മഴവില്ല് ദൈവം നോഹയിലൂടെ മനുഷ്യവർഗ്ഗവുമായി ചെയ്ത സമാധാന ഉടമ്പടിയുടെ (ഉല്പ. 9:13) പ്രതീകമാണ്. ഈ മൂന്നു രത്നങ്ങളും സ്വർഗ്ഗീയ ജറുസലെമിന്റെ അടിത്തറയിൽ വീണ്ടും പ്രത്യക്ഷമാകുന്നുണ്ട് (വെളി 21:19–20).

**4:4** ദൈവത്തിന്റെ മഹിമാ പ്രഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ് ദൈവസിംഹാസനത്തിനു മുമ്പിൽ ധവള വസ്ത്രങ്ങളണിഞ്ഞ് സിംഹാസനങ്ങളിൽ ഇരിക്കുന്ന 24 ശ്രേഷ്ഠന്മാർ. കിരീടധാരികളായ അവർ ആരുടെ മുമ്പിൽ തങ്ങളുടെ കിരീടങ്ങൾ താഴെവച്ച് സാഷ്ടാംഗം പ്രണമിക്കുന്നുവോ അവൻ രാജാധിരാജനാണ്. ദാനിയേലിന്റെ ദർശനത്തിൽ ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്നത് ന്യായാധിപന്മാരാണ്. പ്രപഞ്ചത്തിന്റെമേൽ വിധി പ്രസ്താവിക്കാനുള്ള ഒരുക്കമാണിത്. വെളിപ്പാടുഗ്രന്ഥത്തിന്റെ ദർശനത്തിലും ഇതേ ആശയം പ്രതിഫലിക്കുന്നുണ്ട്.

പൊതുവായ ഈ വിശദീകരണത്തിനു പുറമേ ആരാണ് ഈ ശ്രേഷ്ഠന്മാർ എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ നല്കപ്പെടാറുണ്ട്. ഇസ്രായേലിലെ പുരോഹിതന്മാരെ 24 ഗണങ്ങളായി തിരിച്ചിരുന്നു (1 ദിന 24:1–18). സിംഹാസനങ്ങളിൽ ഇരിക്കുന്ന 24 പേർ ഈ പുരോഹിതഗണങ്ങളെ സൂചിപ്പിക്കുന്നു എന്നു കരുതുന്നവരുണ്ട്. എന്നാൽ ഇവർ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെയും സഭയിലെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെയും പ്രതീകങ്ങളാണ് എന്ന വ്യാഖ്യാനം കൂടുതൽ സ്വീകാര്യമത്രേ. ദൈവജനത്തിന്റെ പ്രതീകവും പ്രതിനിധികളുമാണവർ. ദൈവജനം ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേരുന്നു എന്ന് അവരുടെ കിരീടങ്ങൾ സൂചിപ്പിക്കുന്നു. ദൈവത്തിന് അനന്തവും അനുസ്യൂതവുമായ ആരാധനയർപ്പിക്കുകയാണ് ദൈവജനത്തിന്റെ ധർമ്മം. സ്വർഗ്ഗത്തിൽ പൂർത്തിയാക്കപ്പെടുന്ന ഈ ധർമ്മത്തിന്റെ ചിത്രമാണ് യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്നതെന്ന് ന്യായമായും അനുമാനിക്കാം.

**4:5** ബൈബിളിൽ ചിരപ്രതിഷ്ഠനേടിയ പ്രതീകങ്ങളാണ് മിന്നൽ പിണരുകളും, ശബ്ദങ്ങളും, ഇടിമുഴക്കങ്ങളും (പുറ. 19:16–17; 1 രാജാ. 19:11–12; സങ്കീ. 97:3–4; എസെ. 1:13) ഇവയെല്ലാം ദൈവത്തിന്റെ വിശുദ്ധിയെയും മഹത്വത്തെയും വിളിച്ചറിയിക്കുന്നു. ജ്വലിക്കുന്ന തീപ്പന്തങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്നു നാം കണ്ടുകഴിഞ്ഞു.

**4:6a** ലൗകികമായതു വർണ്ണിക്കാൻ ഗ്രന്ഥകാരൻ ക്ലേശിക്കുകയാണ്. താൻ കണ്ടതു വിവരിക്കാൻ പരിചിതമായ മേഖലകളിൽ നിന്നുള്ള വാക്കുകളും പ്രതീകങ്ങളും അപര്യാപ്തമായതിനാൽ 'പോലെ' എന്നേ അദ്ദേഹത്തിനു പറയാൻ കഴിയുന്നുള്ളൂ. ദൈവവും പാപിയായ മനുഷ്യനും തമ്മിലുള്ള അനന്തമായ അകലത്തെ സൂചിപ്പിക്കുന്നതാണ് കടൽ. ആകാശത്തിനു മുകളിലുള്ള ജലത്തിനുമേൽ ദൈവം തന്റെ മാളിക സ്ഥാപിച്ചിരിക്കുന്നു എന്ന സങ്കല്പം (സങ്കീ. 104:3) ഇവിടെ ആവർത്തിക്കപ്പെടുന്നുണ്ട്. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള അന്തരവും അവയ്ക്കിടയിലുള്ള അഗാധഗർത്തവും (ലൂക്കാ. 16:26) ഇവിടെ സ്മർത്തവ്യമാണ്. രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുമ്പോൾ കടൽ അപ്രത്യക്ഷമാകും (വെളി. 21:1) എന്നതും ശ്രദ്ധേയമത്രേ. അതുവരെ ഈ പളുങ്കുകടൽ നിലനില്ക്കും. യുഗാന്തത്തിൽ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്നതുവരെ രക്ഷിക്കപ്പെട്ടവരും ഈ പളുങ്കുകടലിലാണ് നില്ക്കുക (വെളി. 15:2). ദൈവം മനുഷ്യനിൽ നിന്ന് അവാച്യമാംവിധം വ്യത്യസ്തനാണ് എന്ന് ഊന്നിപ്പറയാൻ പ്രകാശത്തിന്റെയും അകലത്തിന്റെയും പ്രതീകങ്ങളാണ് ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്.

**4:6b–8a** സ്വർഗ്ഗീയ സിംഹാസനത്തിന് അകമ്പടി സേവിക്കുന്ന നാലു ജീവികളുടെ ചിത്രം വെളിപ്പാടു പുസ്തകത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ഏശയ്യായുടെ പുസ്തകത്തിൽ സെറാഫുകൾ എന്നാണ് ഇവയെ വിശേഷിപ്പിക്കുന്നത് (ഏശ. 6:2). ദൈവദൂതന്മാരുടെ ഒരു ഗണമായി സെറാഫുകൾ കരുതപ്പെട്ടിരുന്നു. ആറു ചിറകുകൾ വീതമുള്ള സെറാഫുകളുടെ സ്ഥാനത്ത് എസെക്കിയേലിൽ നാലു ചിറകും നാലു മുഖവും വീതമുള്ള നാലു ജീവികൾ പ്രത്യക്ഷപ്പെടുന്നു (എസെ. 1:5–14). അവരെ കെരൂബുകൾ എന്നാണു വിളിക്കുന്നത് (എസെ. 10:1). ഏശയ്യായിൽ നിരന്തരം സ്തുതിപാടുന്ന സെറാഫുകളുടെയും എസക്കിയേലിൽ ദൈവത്തിന്റെ രഥം വഹിക്കുന്ന കെരൂബുകളുടെയും ചിത്രങ്ങൾ സംയോജിച്ചതാണ് വെളിപ്പാടു പുസ്തകത്തിലെ നാലു ജീവികൾ. (തുടരും)



# മൽക്കീസേദെക്കിന്റെ പൗരോഹിത്യം



ലേവ്യപൗരോഹിത്യത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു പൗരോഹിത്യമാണ് മല്ക്കീസേദെക്കിന്റെ പൗരോഹിത്യം (എബ്രായർ 7–ാം അദ്ധ്യായം കാണുക). ലേവ്യ പൗരോഹിത്യത്തിൽ ധാരാളം ശുദ്ധീകരണ നിയമങ്ങളും ആചാരവിധികളും ഉൾക്കൊണ്ടിരുന്നു. അഹരോന്റെ മക്കളായ പുരോഹിതന്മാർ യഹോവയുടെ സന്നിധിയിൽ ശുശ്രൂഷയ്ക്കു വരുമ്പോൾ ഏതുതരത്തിലുള്ള അടിവസ്ത്രങ്ങളാണ് ഉപയോഗിക്കേണ്ടത് എന്നുവരെ നിഷ്കർഷിച്ചിരുന്നു (ലേവ്യാ.6:10;16:4). എന്നാൽ മൽക്കീസേദെക്കിന്റെ പൗരോഹിത്യത്തിൽ വസ്ത്രങ്ങൾക്കോ ആചാര വിധികൾക്കോ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല.

മല്ക്കീസേദെക്കിനെക്കുറിച്ചുള്ള വിവരണം വെറും മൂന്നു വാക്യങ്ങളിലൊതുങ്ങുന്നു. എങ്കിലും നമ്മുടെ കർത്താവിനു നൽകപ്പെട്ടത് അതേ ക്രമത്തിലുള്ള പൗരോഹിത്യമാണ് (ഉൽപ.14:18–20). ഇത്ര അത്ഭുതകരമായി മല്ക്കീസേദെക്ക് ചെയ്തത് എന്താണ്?



തന്റെ സഹോദരപുത്രനായ ലോത്തിനെയും, കുടുംബത്തെയും, അവരുടെ സമ്പത്തിനെയും മടക്കിക്കൊണ്ടു വരികയായിരുന്നു അബ്രഹാം. താൻ ക്ഷീണിതനായിരുന്നു എങ്കിലും വിജയത്തിന്റെ ഔന്നത്യത്തിലുമായിരുന്നു. കാരണം നാലു രാജാക്കന്മാരെയും അവരുടെ സൈന്യത്തെയും വെറും സാധാരണക്കാരായ 318 പേരുമായിട്ടാണ് നേരിട്ടു തോൽപിച്ചത്. വലിയ ഒരു കൊള്ളമുതലുമായിട്ടാണ് അവർ മടങ്ങിവന്നത്. അക്കാലത്ത് ഇവയത്രയും യുദ്ധം ചെയ്തു ജയിക്കുന്നവർക്കു പങ്കിട്ടെടുക്കാനുള്ളതാണ്. അതിനാൽ അബ്രഹാമിനോടൊപ്പമുള്ള 318 പേരും തങ്ങൾക്കു ലഭിക്കാനുള്ള കൊള്ളമുതലിന്റെ വിഹിതം കണക്കുകൂട്ടിയിരിക്കാം. അങ്ങനെ തങ്ങൾ ധനികരാകുന്നതു സ്വപ്നം കണ്ടിരിക്കാം.

അങ്ങനെ ശാരീരികമായി ക്ഷണിതനെങ്കിലും ഗർവ്വും ദ്രവ്യാഗ്രഹവും എന്ന രണ്ടു വിപത്തുകളാൽ പിടിക്കപ്പെട്ടവനായിട്ടാണ് അബ്രഹാം കടന്നുവന്നത്. എന്നാൽ ഈ രണ്ടു വിപത്തുകളെക്കുറിച്ച് അവനു മുന്നറിയിപ്പു നൽകാൻ ആരുമുണ്ടായിരുന്നില്ല. കൂടെയുണ്ടായിരുന്നത് 318 ദാസന്മാരായിരുന്നു. അബ്രഹാം ഒരു വലിയ ദൈവമനുഷ്യനായിരുന്നു എങ്കിലും അദ്ദേഹം എകനായിരുന്നു. വലിയ സ്ഥാപനങ്ങളുടെ തലപ്പത്ത് ഇരുന്നുകൊണ്ട് കൂടെയുള്ള "എറാൻമൂളികളുടെമേൽ അധികാരം നടത്തുന്ന ഇന്നത്തെ ക്രിസ്തീയ നേതാക്കന്മാരെപ്പോലെയായിരുന്നു അബ്രഹാമും, തന്റെ തെറ്റുകളെ ചൂണ്ടിക്കാട്ടാൻ ആരുമില്ല. അങ്ങനെയുള്ളവർ സാത്താന്റെ ഇരകളാവുക അനായാസമാണ്. ഓരോരുത്തരെയായി സാത്താൻ വീഴിച്ചുകളയും.

എന്നാൽ അബ്രഹാമിന്റെ കാര്യത്തിൽ ദൈവം കരുണയുള്ളവനായിരുന്നു. മല്ക്കീസേദെക്കിനെ തന്റെ ദാസനെ അബ്രഹാമിനെ സഹായിക്കുവാനായി ദൈവം നിയോഗിച്ചു. മല്ക്കീസേദെക്ക് അബ്രഹാമിന്റെ മൂന്ന് ആവശ്യങ്ങളെയും നിറവേറ്റി. അവയെക്കുറിച്ചു മൽക്കീസേദെക്കിന് ഒന്നും അറിഞ്ഞുകൂടായിരുന്നുവെങ്കിലും ദൈവം കൽപിച്ചതു ചെയ്തതിലൂടെ അതു നിറവേറി.

ഒന്നാമതായി അബ്രഹാമിനുവേണ്ടി അദ്ദേഹം ഭക്ഷണം കരുതി. വർഷങ്ങൾക്കു ശേഷം ഇതേ കാര്യം ദൈവം ഏലിയാവോടും ചെയ്തു. താൻ പരീക്ഷീണനായി നിരാശനായി ഒരു ചൂരൽച്ചെടിയുടെ തണലിലിരിക്കുമ്പോൾ ദൈവം തന്റെ ദൂതനെ ഭക്ഷണവുമായി അയച്ചു, പ്രബോധനവുമായിട്ടല്ല. (1 രാജാ. 19:5–8).

ക്ഷീണിച്ചു തളർന്ന ഒരു സഹോദരന്റെ–സഹോദരിയുടെ കാര്യത്തിൽ ഇതു നമുക്കും ഒരു നല്ല മാതൃകയാണ്. ഒരു വിശ്വാസി തളർന്നും ക്ഷീണിച്ചുമിരിക്കുമ്പോൾ പ്രബോധനമല്ല, നല്ല ഭക്ഷണമാണ് ആവശ്യം. അവർ വെറും ആത്മാവു മാത്രമല്ല ശരീരം കൂടെയാണ്. അതു നാം മറക്കരുത്.

അബ്രഹാമിനു ഭക്ഷണം നൽകിയ ശേഷം മല്ക്കീസേദെക്ക് അബ്രഹാമിനെ ആത്മീയമായി സഹായിച്ചു. പ്രസംഗം നടത്തിക്കൊണ്ടല്ല, അബ്രഹാമിനു ജയം നൽകിയതിനു ദൈവത്തെ രണ്ടു വാചകങ്ങളിലായി സ്തുതിച്ചു കൊണ്ട്.

"സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രഹാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ. നിന്റെ ശത്രുക്കളെ നിന്റെ കൈയിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ" എന്നു പറഞ്ഞു. (ഉൽപ.14:19, 20)

മല്ക്കീസേദെക്ക് ഒരുപക്ഷേ അബ്രഹാമിനും കൂടെയുള്ളവർക്കും ഭക്ഷണം നൽകുവാൻ ഒരു മണിക്കൂർ ചെലവഴിച്ചുകാണും. ദൈവത്തിനു നന്ദി കരേറ്റുവാൻ 15 സെക്കൻഡും. പക്ഷേ ആ സ്തുതിവാക്കുകളിൽ നിന്നും രണ്ടു കാര്യങ്ങൾ അബ്രഹാം ഗ്രഹിച്ചു. ഒന്നാമതായി, ആകാശത്തിനും ഭൂമിക്കും ഉടയവനായ ഒരു ദൈവത്തിന്റെ വകയാണു താൻ. ആ അറിവ് താൻ തിരികെക്കൊണ്ടു വന്ന സോദോം രാജാവിന്റേതായ സമ്പത്തിനോടുള്ള ദ്രവ്യാഗ്രഹത്തിൽ നിന്നും തന്നെ രക്ഷിച്ചു. സോദോമിന്റെ ധനം വളരെ വലുതായിരുന്നിട്ടും തന്റെ ദൈവത്തിന്റെ ധനത്തിനു മുമ്പിൽ അത് ഒന്നുമല്ല എന്നു കാണുവാൻ അബ്രഹാമിന്റെ കണ്ണു തുറന്നു. അക്കാര്യത്തിൽ മല്ക്കീസേദെക്ക് അബ്രഹാമിനെ സഹായിച്ചു. (തുടരും)

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**

# സന്തോഷത്തിന്റെ താക്കോൽ

'തോറ്റുപോയി. എല്ലാ അർഥത്തിലും എന്നു ചുവരിൽ എഴുതിവച്ച് ഒരു ഗവ. ഡോക്ടർ ആത്മഹത്യ ചെയ്തു എന്ന വാർത്ത വായിച്ചപ്പോൾ വല്ലാത്ത സങ്കടം തോന്നി. എത്ര പരീക്ഷകളുടെ കടമ്പ കടന്നിട്ടാകും അയാൾ ഡോക്ടറായത്. പിന്നീടും എത്രയോ കടമ്പകൾ പിന്നിട്ടാണ് ഗവ. മെഡിക്കൽ ഓഫീസർ പദവി നേടിയിട്ടുണ്ടാകുക. എന്നിട്ടും അദ്ദേഹത്തിനു പറയേണ്ടിവരുന്നത് തോറ്റുപോയി എന്നാണ്!

ഡോക്ടർ മാത്രമല്ല, അഭിഭാഷകർ, ബാങ്ക് ഉദ്യോഗസ്ഥൻ, അധ്യാപകർ, ഗവ: ഉദ്യോഗസ്ഥർ, സാധാരണക്കാർ, തൊഴിലാളികൾ, യുവതീയുവാക്കൾ... പെരുക്കപ്പട്ടിക ഭീതിജനകമാണ്. തോറ്റുപോയെന്നു സങ്കടപ്പെട്ട് ജീവിതം ഉപേക്ഷിച്ചു പോകുന്നവർ!



'ജീവിതത്തെ എങ്ങനെ നേരിടാം' എന്നത് അഭ്യസിക്കുന്നില്ലെന്ന വലിയൊരു കുറവുണ്ട് നമ്മുടെ വിദ്യാഭ്യാസത്തിൽ. അവനവനെത്തന്നെ സ്നേഹിക്കുക എന്നതു പ്രധാനമാണ്. മറ്റാരും സ്നേഹിച്ചില്ലെങ്കിലും പ്രോൽസാഹിപ്പിച്ചില്ലെങ്കിലും സ്വയം സ്നേഹിച്ചും സ്വന്തം തോളിൽ തട്ടി പ്രോൽസാഹിപ്പിച്ചും കൊച്ചുകൊച്ചു നേട്ടങ്ങളിൽ സ്വയം അനുമോദിച്ചും സ്വയം മുന്നോട്ടു പോകാനുള്ള ഊർജം ഉള്ളിലുണ്ടാക്കുക ആവശ്യമാണ്.

സ്വന്തം സന്തോഷത്തിന്റെ താക്കോൽ മറ്റാരെയും ഏൽപ്പിക്കാതിരിക്കുക എന്നതാണ് മറ്റൊന്ന്. ആരുമില്ലെങ്കിലും ഞാൻ മുന്നോട്ടുതന്നെ പോകും എന്ന ദൃഢനിശ്ചയത്തിന്റെ പേരാണു ജീവിതം. മറ്റുള്ളവരുടെ കൈയടികൾക്കും നല്ല വാക്കുകൾക്കും വേണ്ടി ജീവിക്കുന്നതു വഴി നിരാശ മാത്രമാകും ഫലം. ആവശ്യം കഴിഞ്ഞ് വലിച്ചെറിയപ്പെട്ടു എന്നു വിലപിക്കേണ്ടതില്ല. റോൾ തീർന്നാൽ നിശബ്ദമായി പിൻമാറി നിൽക്കാനും പഠിക്കേണ്ടിയിരിക്കുന്നു.

എല്ലാവർക്കുമുണ്ടാകും ശത്രുക്കൾ. ശത്രുക്കളുണ്ടാവാൻ മോശം കാര്യങ്ങൾ ചെയ്യണമെന്നില്ല. നന്നായി ജീവിച്ചാലും മതി, നന്നായി പണിയെടുത്ത്, നല്ല പേരുണ്ടാക്കി, ഉള്ളതുകൊണ്ട് സ്വസ്ഥമായി ജീവിക്കുന്നതു കണ്ടാൽ സഹിക്കാനാകാത്തവരുണ്ട്. അത് സ്വന്തം കുടുംബത്തിൽപോലും ഉണ്ടാകാം. അതിന്റെയൊന്നും പേരിൽ ഉള്ളു നൊന്തിരിക്കേണ്ടതില്ല. അതും പ്രതീക്ഷിക്കണം ജീവിതത്തിൽ.

മുഖം ചായ്ക്കാനൊരു ചുമൽ, ജീവിതത്തിലുണ്ടെങ്കിൽ നല്ലതാണ്. മനഃസംഘർഷങ്ങൾ പറയാനും, ലജ്ജ തോന്നാതെ കരയാനും തുറന്നു സംസാരിക്കാനും, ഭാരങ്ങളിറക്കി വയ്ക്കാനും കഴിയുന്നൊരു ചുമൽ. അങ്ങനെയൊരു ചുമൽ യേശുവിൽ നമുക്ക് കണ്ടെത്താനാകും.

പോസിറ്റീവായി സ്വയം സംസാരിക്കാനും സ്വയം പ്രചോദിപ്പിക്കാനും കഴിയണം. അതിന് കഴിഞ്ഞില്ലെങ്കിലും നെഗറ്റീവ് സംസാരം ശീലിക്കാതിരിക്കുകയെങ്കിലും ചെയ്യുക. എന്നെയാർക്കും വേണ്ട, എന്റെ ജീവിതം തീർന്നു തുടങ്ങിയ വികാരപരമായ പ്രയോഗങ്ങൾ നെഗറ്റീവ് ആണ്. ലഹരി ഉപയോഗിക്കുന്നവരിൽ ഇത്തരം സംസാരം കൂടുതലാകും. ജീവിച്ചു മുന്നേറാനും യുക്തിയോടെ ചിന്തിക്കാനുമുള്ള ആത്മധൈര്യമാണ് ഇതിലൂടെ ചോർന്നു പോകുന്നത്.

പെട്ടെന്ന് ഒരു പഴയ സുഹൃത്ത് പ്രത്യക്ഷപ്പെട്ട് പണക്കിഴി നൽകി സഹായിക്കുന്നതുപോലുള്ള അത്ഭുതങ്ങൾ പ്രതീക്ഷിക്കാൻ ജീവിതം അമർചിത്രകഥയല്ല. കൈയൊന്നു മുറിഞ്ഞാൽ, അത് കരിയാൻ ഒരു സമയമുണ്ട്. അതുവരെ കാത്തിരിക്കണം. അക്ഷമകൊണ്ട് മുറിവു കരിയില്ല. ജീവിതത്തിലെ തോൽവികൾ... തിരിച്ചടികൾ... തിരസ്കണങ്ങൾ... അവമതിപ്പുകൾ... അവയൊക്കെ കലങ്ങിത്തെളിയാൻ സമയം വേണം. അതിലൂടെ കടന്നുപോകാൻ സ്വയം അനുവദിക്കുക.

എപ്പോഴും മറ്റുള്ളവർക്കുവേണ്ടി അധ്വാനിച്ച് ഉരുകിത്തീരുന്ന ത്യാഗദീപമാകാതെ, പിന്നീട് അതിനെക്കുറിച്ച് പരിതപിച്ച് ഉരുകിത്തീരാതെ, അവനവനു സന്തോഷം നൽകുന്ന പോസിറ്റീവായ കാര്യങ്ങൾ ചെയ്യാനും കുറച്ചുസമയം എല്ലാ ദിവസവും മാറ്റിവയ്ക്കണം. അത് നിങ്ങൾക്കിഷ്ടമായ എന്തുമാകാം.

നിങ്ങളുടെ സന്തോഷം നിങ്ങളുടെ മാത്രം ഉത്തരവാദിത്വമാണ്. മറ്റാരും സന്തോഷമുണ്ടാക്കി നിങ്ങൾക്കു വിളമ്പിത്തരും എന്നു പ്രതീക്ഷിക്കരുത്. ഒരു ജോലി കിട്ടാൻ സഹായിച്ചേക്കുമെന്നല്ലാതെ മാർക്കുലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും ജീവിതത്തിൽ വിലപ്പെട്ടതാകുന്നില്ല. നേട്ടങ്ങൾക്കും റാങ്കിനും വേണ്ടി മാത്രം മക്കളെ വളർത്തുന്നവർ, ജീവിതത്തെ എങ്ങനെ നേരിടാമെന്ന് അവർ എവിടെനിന്നാണു പഠിക്കുക എന്നു കൂടി ചിന്തിക്കണം. തോൽവിയെ സ്വീകരിക്കാനും അതിജീവിക്കാനും പഠിക്കുകയെന്നതു പ്രധാനമാണ്.

# തനിയാവർത്തനം



ഞങ്ങളുടെ വീട്ടിൽ കിടക്കേണ്ട, പോ... ഇത് ഞങ്ങടെ വീടാ. മമ്മീം ഡാഡിം മതി, പോ..., അപ്പച്ചനും അമ്മച്ചിയും പോ.... രണ്ടര വയസുകാരൻ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.

അവൻ വാശിക്കാരനാണ്. പറയുന്നത് ചെയ്തുകൊടുക്കണം. അതുവരെ കലിയും കരച്ചിലും തുടരും.

ഇവനെന്തു പറ്റി? വല്യപ്പൻ ചിന്തിച്ചു.

അയാളുടെ ചിന്തകൾ മുപ്പത് വർഷം പിന്നിലേക്കു പോയി...

ഓർക്കുമ്പോൾ പശ്ചാത്താപം നിറഞ്ഞുനിൽക്കുന്ന നൊമ്പരം. ചാണകം മെഴുകിയ വീട്ടിൽനിന്നു വീടുവച്ചു മാറിയ ദിവസം. ഉന്നത ജോലി, ഉയർന്ന സമ്പത്ത്, ഉദ്യോഗസ്ഥയായ ഭാര്യ. കൊട്ടാരംപോലുള്ള ഭവനത്തിലെത്തിയ ദിവസം. മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തിൽനിന്നും അപ്പനും അമ്മയും പുതിയ വീട്ടിലെത്തി. നാട്ടിലെ ഏറ്റവും വലിയ വീട്, എല്ലാവർക്കും അത്ഭുതമായിരുന്നു. കോൺക്രീറ്റ് വീടുകളില്ലാത്ത നാട്ടിൻപുറത്ത് തീർത്ത ഇരുനില വീട്.



അപ്പനും അമ്മയും വല്ലാത്ത സന്തോഷത്തിലായിരുന്നു. വലിയ സ്വപ്നങ്ങൾ കണ്ടിട്ടുണ്ടാകും.

'ചേട്ടനും ചേട്ടത്തിയും പോയി, ഇനി അച്ഛനും അമ്മയും എങ്ങനെ പോകും?' ഭാര്യ ചോദിച്ചു.

മറുപടി പറയാതെ അപ്പുറത്ത് മാറി അല്പനേരം നിന്നു. സന്ധ്യ കഴിഞ്ഞു.

ബന്ധുക്കളും മിത്രങ്ങളും യാത്ര പറഞ്ഞു. ഭാര്യയും മക്കളും അപ്പനും അമ്മയും മാത്രം.

ഭാര്യയുടെ മുഖത്ത് പരിഭവം നിറഞ്ഞു നിന്നു. 'വേണ്ട... വേണ്ട... അവരെ വീട്ടിൽ കൊണ്ടുവിട്ടിട്ടു വാ... ഇനിയെങ്കിലും സ്വൈര്യമായൊന്നുറങ്ങട്ടെ. ഇവിടെ തുപ്പുന്നതിനു കോളാമ്പിയില്ല. തറയിൽ തെന്നി വീണാൽ ആരു നോക്കും? സമയത്ത് ഭക്ഷണം കൊടുക്കാനാരുണ്ട്? ഭാര്യ പറഞ്ഞു കൊണ്ടിരുന്നു.

"അപ്പാ, നമുക്ക് തറവാട്ടിലേക്കു പോകാം, ഞാൻ കൊണ്ടുപോയിയാക്കാം.അതെന്താ മോനെ..?' അമ്മ ചോദിച്ചു.

'അമ്മയ്ക്കും അപ്പനും ഇവിടെ ബുദ്ധിമുട്ടാകും. വഴുതി വീഴാൻ സാധ്യത ഏറെ... പിന്നെ തുപ്പാനും മറ്റും...'

അപ്പൻ പറഞ്ഞു "ശരിയാണ്, ഇവിടെ ഒന്നിനും സൗകര്യമില്ല. മലമൂത്ര വിസർജനം ചെയ്യാൻ പോലും കഴിയില്ല. തറവാട്ടു പറമ്പിൽ അതിനുള്ള ഇടമുണ്ട്. തുപ്പാനും സൗകര്യമുണ്ട്. കൊരണ്ടിപ്പലകയിൽ കുത്തിയിരുന്നു കഞ്ഞി കുടിക്കാം... നമുക്ക് പോകാം...' അപ്പൻ അമ്മയോടു പറഞ്ഞു.

'ഇരുട്ട് വീണല്ലോ... ഞാനും വരാം' മകൻ പറഞ്ഞു. 'വേണ്ട... അത്ര ദൂരമില്ലല്ലോ... ഇന്നലെ സന്ധ്യക്ക് വരുമ്പോൾ കൊണ്ടുവന്ന റാന്തൽ വിളക്കുണ്ട്. വിളക്ക് കത്തിച്ചു തന്നാൽ മതി...'.

അമ്മ റാന്തൽ വിളക്ക് പിടിച്ചു നടന്നു. പിന്നാലെ ഊന്നുവടിയുമായി അപ്പനും, അമ്മയും അപ്പനും യാത്രയാകുന്നത് നൊമ്പരത്തോടെ നോക്കിനിന്നു. വിളക്ക് കണ്ണിൽ നിന്നു മായുന്നതുവരെ... പിന്നീട് അപ്പനും അമ്മയും എന്റെ വീട്ടിൽ തങ്ങിയിട്ടില്ല. എന്തെങ്കിലും പറയുകയോ ചോദിക്കുകയോ ചെയ്തിട്ടില്ല. മുപ്പത് വർഷത്തിനിടയിൽ.... അപ്പനും അമ്മയും മരിച്ചു. പിന്നെ ചേട്ടനും... മകൾക്കു വേണ്ടിയായിരുന്നു ജീവിതം. മകൾ വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്തു. ഡോക്ടറായ മരുമകൻ. കയ്പ്പും മധുരവും നൽകിയ വർഷങ്ങൾ...

'പപ്പാ, വണ്ടി എടുക്കട്ടെ. ഇവിടെ കിടക്കാൻ മോൻ സമ്മതിക്കുമെന്നു തോന്നുന്നില്ല. അവൻ വാശിക്കാരനല്ലേ' മകൾ പറഞ്ഞു. 'വേണ്ട.., പുറത്തിറങ്ങിയാൽ ഓട്ടോ കിട്ടുമല്ലോ. സ്റ്റാൻഡിൽനിന്ന് എപ്പോഴും ബസുമുണ്ട്. മോൾ അമ്മയെ വിളിക്ക് അയാൾ പുറത്തേക്കു നോക്കി. തെരുവുവിളക്കുകൾ കത്തുന്നുണ്ട്. നിരത്തു നിറയെ വാഹനങ്ങളും. ഭാര്യ ബാഗുമെടുത്തു വന്നു. വരാന്തയിൽ മകളും മരുമകനും കൊച്ചുമകനും യാത്രയാക്കാൻ വന്നു.

ബാഗ് തോളിലിട്ടു ഭാര്യ നടന്നു. പിന്നാലെ അയാളും.

റാന്തൽ വിളക്കും ഊന്നുവടിയുമില്ലാതെ... തനിയാവർത്തനം...



# വേദാഭിമാനിയുടെ മറുപടി

**എന്താണ് ശാസ്ത്രം? എന്താണ് ക്രിസ്തീയ വിശ്വാസം? ബിഗ്ബാങ് അസ്വീകാര്യമാകുന്നത് എന്തുകൊണ്ട്? പരിണാമത്തെ പുറന്തള്ളി സൃഷ്ടിവാദം-ദൈവവിശ്വാസം എന്തിനു സ്വീകരിക്കണം?**

- പ്രൊഫ.എസ്.ശ്രീകുമാർ, ശാസ്ത്രപരിഷത്ത്, ചൊവ്വല്ലൂർ, വിളപ്പിൽശാല, കാട്ടാക്കട

**(തുടർച്ച)**

1960 കളിലാണ് മഹാവിസ്ഫോടനസിദ്ധാന്തം (Big bang) ശാസ്ത്ര ലോകത്ത് അംഗീകരിക്കപ്പെടുന്നത്. അതായത് അര നൂറ്റാണ്ടു മുൻപു വരെ തുടക്കവും ഒടുക്കവുമില്ലാത്ത അനശ്വര പ്രപഞ്ചത്തെ കുറിച്ചായിരുന്നു സ്കൂളിൽ പഠിപ്പിച്ചിരുന്നത് എന്നർത്ഥം. സ്റ്റീഫൻ ഹോകിങ്ങിനെ പോലുള്ളവർ പിന്നീട് അഞ്ച് പതിറ്റാണ്ട് ബിഗ് ബാങ്ങിനു പുറകെ ആയിരുന്നു. പ്രപഞ്ചത്തിലെ നാലു ബലങ്ങളെക്കുറിച്ചും നമുക്ക് ആവശ്യത്തിലധികം വിവരങ്ങൾ അപ്പോഴേക്കും ലഭ്യമായിരുന്നല്ലോ. അത് ഉപയോഗപ്പെടുത്തി പ്രപഞ്ചം എന്ന് ഉണ്ടായി, എങ്ങനെ ഉണ്ടായി. ഏതെല്ലാമായിരുന്നു ആ ഘട്ടങ്ങൾ എന്നെല്ലാം അവർ വിശദീകരിക്കാൻ തുടങ്ങി.വർഷങ്ങൾ ഒരുപാട് പിന്നിട്ടു. ശാസ്ത്രത്തിന് ഇന്നും ഉത്തരം നൽകാനാവാത്ത ചില ചോദ്യങ്ങളുണ്ട്.

1. ബിഗ് ബാങ്ങിന്റെ കഥ പറയുമ്പോ സിംഗുലാരിറ്റി (singularity) എന്ന അതീവ മർദ്ദവും ഊഷ്മാവും ഉള്ള അവസ്ഥയിൽ നിന്നാണ് ശാസ്ത്രം തുടങ്ങുന്നത്. എന്താണ് സിംഗുലാരിറ്റി? അതിന് മുൻപ് എന്തായിരുന്നു? ആ മഹാ പ്രക്രിയ ആരംഭിക്കാനുള്ള ഹേതു എന്ത്?


2. ആപേക്ഷിക സിദ്ധാന്തം അനുസരിച്ച് ഭാവികാലത്തിലേക്കോ ഭൂതകാലത്തിലേക്കോ സഞ്ചരിക്കാം. എന്നാൽ പ്രായോഗികമായി ടൈം ട്രാവൽ സാധ്യമാണോ?


3. നമ്മുടെ ഇപ്പോഴുള്ള അറിവ് വെച്ച് നാം ജീവിക്കുന്നത് ത്രിമാന ലോകത്താണ്.

സമയം കൂടി പരിഗണിച്ചാൽ പരമാവധി ചതുർമാനങ്ങൾ. യഥാർത്ഥത്തിൽ പ്രപഞ്ചത്തിൽ ഈ ചതുർമാനങ്ങൾ മാത്രമേ ഉള്ളോ... അതല്ല നമുക്ക് അപ്രാപ്യമായ അനവധി മാനങ്ങൾ (dimension)നമുക്ക് ചുറ്റിലും ഉണ്ടോ?

4. പ്രപഞ്ചത്തിലെ ഒരു സ്ഥലത്തെ കോടിക്കണക്കിനു പ്രകാശ വർഷം അകലെയുള്ള മറ്റൊരു സ്ഥലവുമായി ബന്ധിപ്പിക്കുന്ന ഷോർട്ട് കട്ട് സാധ്യമാണ് എന്ന് ഐൻസ്റ്റീന്റെ ഫീൽഡ് സമവാക്യങ്ങൾ നിർദ്ധാരണം ചെയ്തപ്പോൾ നമുക്ക് ബോധ്യപ്പെട്ടതാണ്. Worm hole എന്നാണ് അവയെ വിളിക്കുന്നത്. യഥാർത്ഥത്തിൽ worm hole നിലവിലുണ്ടോ?

നമുക്ക് പ്രപഞ്ചത്തിന്റെ തുടക്കത്തിൽ നിന്ന് ആരംഭിക്കാം. സിംഗുലാരിറ്റി എന്ന അവസ്ഥയിൽ പ്രപഞ്ചത്തിന്റെ പ്രായം പൂജ്യം (0) എന്ന് നമുക്ക് എടുക്കാം. ഈ അവസ്ഥയിൽ പ്രപഞ്ചത്തിലെ നാല് അടിസ്ഥാന ബലങ്ങളും ചേർന്ന് ഒറ്റ ബലമായി നിലകൊള്ളുകയായിരുന്നു.





പ്രപഞ്ചത്തിന് 0.0000000000001 സെക്കന്റ് പ്രായം ആവുന്നതിനു മുൻപ് ബലങ്ങൾ ഓരോരുത്തരായി വേർപിരിഞ്ഞു നാം ഇന്ന് കാണുന്ന നാല് അടിസ്ഥാന ബലങ്ങൾ രൂപപ്പെട്ടു (Gravity, Electromagntsm, Weak nuclear, strong nuclear).

ഈ ഓരോ ബലങ്ങളെയും വിശദീകരിക്കാൻ നമുക്ക് ഇന്ന് വെവ്വേറെ സമവാക്യങ്ങൾ ഉണ്ടെന്ന് കഴിഞ്ഞ തവണ നാം പറഞ്ഞു. പക്ഷെ ഇത് നാലിനെയും ഉൾക്കൊള്ളുന്ന ഒരൊറ്റ സമവാക്യം ഉണ്ടെങ്കിലോ? കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി അതിനു വേണ്ടിയുള്ള അന്വേഷണത്തിലായിരുന്നു ശാസ്ത്രലോകം.

എന്താണ് അങ്ങനെയൊരു സമവാക്യത്തിന്റെ പ്രസക്തി എന്ന് ഇപ്പോൾ മനസ്സിലായിക്കാണും.

നമുക്ക് ഇന്ന് അജ്ഞാതമായ സിംഗുലാരിറ്റി എന്ന അവസ്ഥയിൽ ഈ നാല് ബലങ്ങളും ഒന്നായിരുന്നു. സിംഗുലാരിറ്റിയെ കുറിച്ച് അറിയണമെങ്കിൽ ഈ നാല് ബലങ്ങളെയും ഉൾകൊള്ളുന്ന ഒരൊറ്റ സമവാക്യം വേണം. ഈ സമവാക്യത്തെ മിചിയോ കാകു വിളിച്ചത് God equation (ദൈവിക സമവാക്യം) എന്നാണ്.

സ്റ്റീഫൻ ഹോക്കിങ് തന്റെ ജീവിതകാലം മുഴുവൻ ഈ ഒരു സമവാക്യം തേടിയുള്ള യാത്രയിലായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞത് ഇങ്ങനെ.

“പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാന രഹസ്യം ഈ സമവാക്യം പുറത്തു കൊണ്ട് വരും. അത് മാനവരാശിയുടെ ആത്യന്തിക വിജയമായിരിക്കും. നമുക്ക് ദൈവത്തിന്റെ മനസ്സ് വായിച്ചെടുക്കാൻ അതിലൂടെ സാധിക്കും!”





തന്റെ പിൻഗാമികളിൽ ആരെങ്കിലും ആ സമവാക്യം കണ്ടെത്തുമെന്ന ശുഭ പ്രതീക്ഷയോടെയാണ് Brief history of time എന്ന പുസ്തകം ഹോക്കിങ് അവസാനിപ്പിക്കുന്നത്.

വർഷങ്ങളുടെ പരിശ്രമഫലമായി ഗ്രാവിറ്റി ഒഴിച്ച് മറ്റു മൂന്ന് ബലങ്ങളെയും ചേർത്ത് ഒരൊറ്റ സമവാക്യമാക്കുന്നതിൽ ശാസ്ത്രലോകം ഏറെക്കുറെ വിജയിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ഗ്രാവിറ്റിയെ എങ്ങനെ ശ്രമിച്ചിട്ടും മറ്റു മൂന്ന് ബലങ്ങൾക്കൊപ്പം ചേർക്കാൻ പറ്റുന്നില്ല.

അപ്പോഴാണ് സ്ട്രിങ് തിയറി (string theory) കടന്നു വരുന്നത്. നാലു ബലങ്ങളെയും ഒരൊറ്റ സമവാക്യത്തിൽ ഒതുക്കാൻ സ്ട്രിങ് തിയറിക്ക് സാധിക്കും. നാം മുകളിൽ ഉന്നയിച്ച പല ചോദ്യങ്ങൾക്കും ഉത്തരം കിട്ടിയേക്കാം. എല്ലാവരും രോമാഞ്ചം പൂണ്ടു. പക്ഷെ ഒരു പ്രശ്നമുണ്ട്. നാം ജീവിക്കുന്ന ത്രിമാന ലോകം വെച്ച് സ്ട്രിങ് തിയറി വിശദീകരിക്കാനാവില്ല.

മിനിമം പത്ത് മാനങ്ങൾ എങ്കിലും വേണം. അപ്പൊത്തന്നെ നിർമല ഹൃദയരായ ഭൗതിക ശാസ്ത്രജ്ഞരെല്ലാം അതിഭൗതികമായ ഒരു കളിക്കും ഞങ്ങളില്ലേ എന്ന് പറഞ്ഞു സ്ഥലം കാലിയാക്കി.

ഇന്നിപ്പോ സ്ട്രിങ് തിയറി ആളൊഴിഞ്ഞ ക്രിക്കറ്റ് സ്റ്റേഡിയം ആണ്. കുറച്ചു പേർ അവിടവിടെ പരിശീലനം ചെയ്യുന്നതൊഴിച്ചാൽ.

ചില ശാസ്ത്ര ‘ബുദ്ധിജീവികളെ’ സംബന്ധിച്ചിടത്തോളം അതിലെ മെറ്റാഫിസിക്സ് കാരണം സ്ട്രിങ് തിയറിയെ കുറിച്ച് സംസാരിക്കുന്നത് തന്നെ എന്തോ വലിയ ശാസ്ത്രവിരുദ്ധതയാണ്.

പക്ഷെ ബ്രയാൻ ഗ്രീൻ അടക്കമുള്ള ലോകപ്രശസ്ത ശാസ്ത്രജ്ഞർ ഇങ്ങനെയൊരു സമവാക്യം ഒരിക്കൽ കണ്ടെത്തും എന്ന ശുഭാപ്തി വിശ്വാസത്തിലാണ്.

## എന്ത് കൊണ്ട് ശാസ്ത്രം മുന്നോട്ട് പോകുന്നില്ല

ശാസ്ത്രം അതിന്റെ പരിമിതി വെച്ച് പരമാവധി ഉയരങ്ങളിലേക്ക് എത്തി എന്നതാണ് യാഥാർഥ്യം. ഇന്നിപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളൊക്കെ നേരത്തെ മനസ്സിലാക്കിയ അടിസ്ഥാന കണ്ടെത്തലുകളുടെ തുടർച്ച വിശദീകരണം മാത്രമാണ്. അതാകട്ടെ മനുഷ്യന്റെ ശാരീരിക ഇച്ഛകളെ അമിതമായി തൃപ്തിപ്പെടുത്താനുള്ള ഉപകരണങ്ങൾ/സൗകര്യങ്ങൾ നിർമ്മിക്കാൻ വേണ്ടി മാത്രം. ആസ്വാദനത്തിന്റെയും ആഡംബരത്തിന്റെയും മായാലോകം സൃഷ്ടിക്കുന്നതിനപ്പുറം ശാസ്ത്രം പുതുതായി ഒന്നും ചെയ്യുന്നില്ല എന്നതാണ് വസ്തുത. ഒറ്റപ്പെട്ട ചിലർ അവിടവിടെ നിന്ന് ഒച്ചയുണ്ടാക്കുന്നതൊഴിച്ചാൽ മനുഷ്യന്റെ അമിതവ്യയം പ്രകൃതിയിൽ സൃഷ്ടിച്ച കേടുപാടുകൾ തീർക്കാനുള്ള ഗവേഷണങ്ങൾ ഒരു ഭാഗത്ത് നടക്കുന്നുണ്ട്. അത് നിലനിൽപ്പിന്റെ വിഷയം ആയതുകൊണ്ട് മാത്രം. സൂക്ഷ്മമായി പരിശോധിച്ചാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയ്ക്ക് അടിസ്ഥാന ശാസ്ത്രം ഒരിഞ്ച് മുന്നോട്ട് പോയിട്ടില്ല.

ചിലർക്കെങ്കിലും സംശയം തോന്നാം സ്ട്രിങ് തിയറിക്കു പകരം മികച്ച ഒരു തിയറി അവതരിക്കപ്പെട്ടു ശാസ്ത്രം ഇനിയും മുന്നോട്ട് പൊയ്ക്കൂടേ?

**ഉത്തരം**

ഇല്ല എന്ന് തന്നെയാണ്. കാരണം,ശാസ്ത്രത്തിന്റെ മുന്നിൽ ഇനി ബാക്കിയുള്ള ചോദ്യങ്ങൾ അത് ശാസ്ത്രത്തിന്റെ പരിധിക്ക് പുറത്താണ്. അതിന്റെ ഉത്തരങ്ങൾ അറിയാൻ ആഗ്രഹിച്ചവർ അറിയേണ്ട സ്ഥലത്ത് നിന്ന് എന്നേ അറിഞ്ഞു കഴിഞ്ഞു.

പുതിയ അറിവുകൾക്കും സത്യത്തിനും വേണ്ടിയുള്ള സാഹസികവും വിമർശനാത്മകവുമായ അന്വേഷണം; ആവർത്തിച്ച പരിശോധനയിലൂടെയും പരീക്ഷണത്തിലൂടെയുമേ ഏത് കാര്യവും ബോധ്യപ്പെടൂ എന്ന നിലപാട്, പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ മുൻ ധാരണകളെ തിരുത്താനുള്ള സന്നദ്ധത, മനസ്സിൽ സങ്കല്പിച്ച സിദ്ധാന്തങ്ങളെക്കാൾ അറിവിലൂടെയും അനുഭവത്തിലൂടെയും വ്യക്തമായ വസ്തുതകളെയാണ് ആശ്രയിക്കേണ്ടത് എന്ന തിരിച്ചറിവ് ഇവയെല്ലാമാണ് ശാസ്ത്രാവബോധത്തിന്റെ അടിത്തറ. ശാസ്ത്രത്തിന്റെ പ്രയോഗത്തിന് മാത്രമല്ല ജീവിതപ്രശ്നങ്ങളെ പരിഹരിക്കാനും വേണ്ടത് ഈ കാഴ്ചപ്പാടാണ്. (തുടരും)

WEBSITE
vedabhimani.com

FACE BOOK
vedabhimani

MAIL
vedabhimani@gmail.com

YouTube
vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Aug: 2023 at RMS Kayamkulam
Published on Ist Aug: 2023
RNI Registered No. KERMAL/2002/7361




## ആർഭാടക്കല്യാണം

**ക**ല്യാണം നടത്തി കുത്തുപാളയെടുത്ത ധാരാളം കുടുംബങ്ങൾ മുൻപ് കേരളത്തിലുണ്ടായിരുന്നു. ദുരഭിമാനം ഒന്നുകൊണ്ടു മാത്രമാണ് ആ കുടുംബങ്ങൾ തകർന്നുപോയത്. അത്തരം ദുരഭിമാന കല്യാണങ്ങൾ വീണ്ടും നമുക്കിടയിൽ തിരിച്ചെത്തിയിരിക്കുന്നു എന്ന യാഥാർഥ്യം ഞെട്ടിക്കുന്നതാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ സൗഹൃദവലയത്തിലുള്ള നിരവധിപ്പേരെയാണു ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ മക്കളുടെ കല്യാണത്തിനായി ചെലവഴിച്ച്, ഇനിയെന്ത് എന്നറിയാതെ മിഴിച്ചുനിൽക്കുന്നത് കാണാനിടയായത്.



അതിസമ്പന്നരായവരും കണക്കിൽപ്പെടാത്ത പണമുള്ളവരും പ്രൗഡി കാണിക്കാനും അധികാരികളെ പേടിക്കാതെ പണം ചെലവഴിക്കാനും മറ്റും മക്കളുടെ വിവാഹങ്ങളിൽ ധാരാളിത്തം കാണിക്കുമ്പോൾ, അത്രത്തോളം സാമ്പത്തിക ശേഷിയില്ലാത്തവരും സാധാരണക്കാരും അന്ധമായി അവരെ അനുകരിക്കാൻ ശ്രമിക്കുന്നു. സമ്പന്നരും കള്ളപ്പണക്കാരും അവരുടെ സമ്പത്തിന്റെ തീരെ ചെറിയൊരു ഭാഗം മാത്രമാണു വിവാഹാഘോഷങ്ങൾക്കായി ചെലവിടുന്നത്. അവരെ അനുകരിക്കാൻ ശ്രമിക്കുന്ന സാധാരണക്കാരാവട്ടെ തങ്ങളുടെ ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ ഉപയോഗിച്ചോ, സ്ഥലംവിറ്റോ, അല്ലെങ്കിൽ കടം വാങ്ങിയോ ആണു മത്സര ബുദ്ധിയോടെ ആർഭാടവിവാഹങ്ങൾ നടത്തുന്നത്.

വിവാഹം എന്ന പേരിൽ എന്തൊക്കെയാണു കാണിച്ചുകൂട്ടുന്നത് എന്ന് വിവാഹം നടത്തുന്നവർക്കുപോലും അറിയാത്ത അവസ്ഥ. എൻഗേജ്മെന്റ്, സേവ് ദ ഡേറ്റ്, പ്രീ വെഡിംഗ് ഷൂട്ട്, വെഡിംഗ് ഷൂട്ട്, ഹണിമൂൺ ഷൂട്ട്, തിലക് സെറിമണി, ഹൽദി, ഡിസൈനർ വസ്ത്രങ്ങൾ, ആഡംബര വാഹനങ്ങൾ, പാലസ് വെഡിംഗ് ഹാൾ, മൾട്ടി കുസിൻ ബുഫെ പാർട്ടി, ഗാനമേള തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പരിപാടികളാണ് ഇവന്റ് മാനേജ്മെന്റുകാർ അവതരിപ്പിക്കുന്നത്. സാധാരണക്കാരന്റെ വിവാഹത്തലേന്നുള്ള ചെലവുകളുടെ കാര്യം പിന്നെ പറയുകയും വേണ്ട. ചിലരുടെ കല്യാണ ദിവസത്തെ ചെലവിന്റെ അത്രയുംതന്നെ തലേദിവസത്തെ ചെലവും വരും. എന്തുകൊണ്ടോ ഇതിലൊന്നും ഒരുവിധ ജാതിമതഭേദങ്ങളും കാണാൻ കഴിയില്ല. പരസ്പര അനുകരണം മാത്രമാണു മാനദണ്ഡം.

പെൺവീട്ടുകാരെ സംബന്ധിച്ചിടത്തോളം ആർഭാടച്ചെലവുകൾ സ്ത്രീധനത്തുകയോളം തന്നെ വരുന്നുണ്ട്. യുട്യൂബ്, റീൽസ്, ഷോർട്സ്, ഇൻസ്റ്റാഗ്രാം, ടിക്ടോക് എന്നിവ ജനകീയമായതിനുശേഷമുള്ള കാലയളവിലാണു പലരുടെയും മാനസികനില കൈവിട്ടുപോയത്. നാട്ടിൽ മറ്റാരുംതന്നെ ഇതുപോലൊരു കല്യാണം നടത്തിയിട്ടുണ്ടാവരുതെന്ന വാശിയാണ് അഥവാ ദുർവാശിയാണു കിടപ്പാടം വിറ്റായാലും വിവാഹച്ചടങ്ങ് ഉത്സവംപോലെയാക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നത്.

രണ്ടു വ്യക്തികൾ ഒരുമിച്ച് ഒരു പുതിയ ജീവിതത്തിലേക്ക് കടക്കാനും സുഭദ്രമായ കുടുംബ ജീവിതത്തിനും ഇത്തരം ആർഭാടങ്ങൾ സഹായിക്കില്ല എന്നത് പോലീസ് സ്റ്റേഷനുകളിലും കോടതികളിലുമെത്തുന്ന ഡിവോഴ്സ് പരാതികൾ മാത്രം ശ്രദ്ധിച്ചാൽ മനസിലാകും. വിവാഹം ഒരിക്കലേയുള്ളൂ അതുകൊണ്ട് ആർഭാടം ഒട്ടും കുറയ്ക്കേണ്ട എന്ന് പറയുന്നത് തികച്ചും മണ്ടത്തരമാണെന്നു പറയാതെ വയ്യ. വിവാഹദിനമെന്നത് ഒരുമിച്ചുള്ള ജീവിതയാത്രയിലെ ഫ്ളാഗ് ഓഫ് മാത്രമാണ്. ജീവിതയാത്ര തുടങ്ങാൻ പോവുന്നതേയുള്ളു. ആ ജീവിതയാത്രയിൽ ഉപകാരപ്പെടേണ്ടതായ സമ്പാദ്യമാണു നാട്ടുകാർക്കു മുന്നിൽ ഞെളിയാനായി പൊടിച്ചുകളയുന്നത്.

ആർഭാടവിവാഹം നടത്തിയ ആളുകളെ നമ്മൾ കൂടുതലായി ബഹുമാനിക്കുകയോ ആദരിക്കുകയോ ചെയ്യാറുണ്ടോ? ആദരിക്കുന്നില്ലെന്നു മാത്രമല്ല, ഇത്തരം കെട്ടുകാഴ്ചകൾ നടത്തുന്നവരെക്കുറിച്ചു സമൂഹത്തിനു പുച്ഛമാണു തോന്നുക. ഒരു രൂപ മുടക്കി വിവാഹിതനായാലും ഒരു കോടി മുടക്കി വിവാഹിതനായാലും ദാമ്പത്യ ജീവിതവുമായി അതിനു യാതൊരു ബന്ധവുമില്ല.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ അറിവില്ലായ്മയാണ് അജ്ഞതയിലേക്കും അന്ധവിശ്വാസങ്ങളിലേക്കും ജനത്തെ വഴിതെറ്റിക്കുന്നത് എന്നു പറഞ്ഞാൽ?

റീന ഫിലിപ്പ്, മേരിഗിരി, കനകകുന്ന്, കട്ടപ്പന

☹ ***അതിനാണ് നേരായ ജീവിതത്തിന് നേരറിവ് നേടണം എന്നു പറയുന്നത്.***

☺ ഞാൻ ദൈവത്തിനുവേണ്ടി ഓടുന്നവനാണെന്ന് ഒരു നേതാവ്?

ലിജു നൈനാൻ, തൈപ്പന, അമ്പലപ്പുറം, കൊട്ടാരക്കര

☹ ***തല മുതൽ വയറുവരെ മാമോനും, കാല് ദൈവത്തിനും എന്നതാണ് പുള്ളിയുടെ നിലപാട്.***

☺എ.ഐ. ക്യാമറകൾ നിയമലംഘനം മാത്രമേ കാണുന്നുള്ളോ. റോഡിന്റെ കുഴിക്കൽ സംസ്ക്കാരം ആരു നോക്കും?

ഈപ്പൻ ഫിലിപ്പ്, കുഴിമറ്റം, പരുന്തുംപാറ, കോട്ടയം.

☹ ***കുഴിയിൽ ശവസംസ്ക്കാരം നടക്കാതിരിക്കണമെങ്കിൽ സ്വന്തം കണ്ണ് ക്യാമറയാക്കി തുറന്നു പിടിയ്ക്കുക.***

☺2000 രൂപായുടെ നോട്ടുകൾ കെ.എസ്.ആർ.ടി.സി. സ്വീകരിക്കുമെന്ന്.?

ഷാജി ഉമ്മൻ, കമലേശ്വരം, മണക്കാട്, തിരുവനന്തപുരം.

☹ ***കാലഹരണപ്പെട്ട തുല്യദുഃഖിതരുടെ സ്നേഹ സഹകരണമായി ഇതിനെ കണ്ടാൽ മതി.***

☺നമ്മുടെ നാട്ടിലെ നഗ്നതാ പ്രദർശനം വർദ്ധിക്കുന്നതിനു കാരണം?

പി.എം.യോഹന്നാൻ, തെങ്ങിൻകാവ്, മല്ലശ്ശേരി, പത്തനംതിട്ട

☹ ***നവോത്ഥാനത്തിലൂടെ കൈവന്ന തുറന്ന സമീപനം***

☺ജനനം 2018, മരണം 2023. കേവലം 5 വർഷം വിലയേറിയവനായി വിലസി. മനസിലായോ? എന്തു തോന്നുന്നു?

ജോർജ്ജ് വടക്കേക്കുറ്റ്, പുലിവേലിൽ, പയ്യനാമൺ, കോന്നി

☹ ***സംഭവബഹുലം, പ്രിയങ്കരൻ, കൈവെള്ളയിലും പോക്കറ്റിലും പൊന്നുപോലെ, ആത്മീയരെ വിലയ്ക്കുവാങ്ങി അവൻ അവർക്ക് ദൈവമായി. കാലുവാരാനും ആത്മീയം മറിച്ചിടാനും എല്ലാം ഉപകരിച്ചല്ലോ, പോട്ടെ. അല്ലാതെന്തു പറയാൻ.***

## ചിരിയും ചിന്തയും



-വരുമാനം എന്നത് കണ്ണീര് പോലെയാ... ഒരിടത്ത് നിന്നേ വരാനുള്ളൂ...

ചിലവെന്നു പറഞ്ഞാൽ വിയർപ്പ് പോലെയും.

ഏതിലൂടൊക്കെ പോണെന്ന് ഒരു പിടിയുമില്ല...!

............ .......... ............ ..........

- നന്നാവാൻ തീരുമാനിച്ചതാ...

അപ്പോഴാ ചിലര് പറയുന്ന കേട്ടത്..

നല്ല മനുഷ്യരെ ദൈവം നേരത്തെ വിളിക്കുമെന്ന്...

നിർത്തി.. അതോടെ അയാൾ പഴയത് പോലായി.

............ .......... ............ ..........

-സ്ത്രീകളുടെ സ്നേഹം ഇന്ത്യൻ കോഫീ ഹൗസിലെ ഉപ്പു പാത്രം പോലെയാണ്. ഒന്നുകിൽ എത്ര കുടഞ്ഞാലും വീഴില്ല. അല്ലെങ്കിൽ അടപ്പ് തെറിച്ച് മുഴുവനോടെ വീഴും.



-ആണുങ്ങളുടെ സ്നേഹം ഇന്ത്യൻ കോഫി ഹൗസിലെ ബീറ്റ്റൂട്ട് പോലെയും... കട്ലൈറ്റ് മുതൽ മസാലദോശ വരെ സകലതിലും കൊണ്ടുപോയി ഇടും!

## പൂച്ചകൾ ഉറങ്ങുന്നിടത്ത്



കുതിരകൾ വെള്ളം കുടിക്കുന്നിടത്തുനിന്നു വെള്ളം കുടിക്കാം. കാരണം കുതിരകൾ ഒരിക്കലും ചീത്തവെള്ളം കുടിക്കാറില്ല.

പൂച്ചകൾ ഉറങ്ങുന്നിടത്ത് ഉറങ്ങാൻ കിടക്ക വിരിക്കുക. പൂച്ചകൾ ഒരിക്കലും അശുദ്ധവും വൃത്തികെട്ടതുമായ സ്ഥലത്ത് ഉറങ്ങാറില്ല.

കീടങ്ങൾ കഴിച്ച പഴങ്ങളും പച്ചക്കറികളും മടിക്കാതെ കഴിക്കാം. കീടങ്ങൾ ഒരിക്കലും വിഷമുള്ളവ കഴിക്കാറില്ല.

പക്ഷികൾ ഉറങ്ങുന്ന സമയത്ത് ഉറങ്ങുകയും അവ ഉണരുന്ന സമയത്ത് ഉണരുകയും ചെയ്യുക. നിങ്ങൾക്ക് ഉന്മേഷം നിറഞ്ഞ സുവർണദിനം ലഭിക്കും. മീനിനെപോലെ ഇടയ്ക്ക് വെള്ളത്തിൽ നീന്തുക. ജീവിതത്തിൽ പുതുമയും ആവേശവും അനുഭവപ്പെടും.

അഴിച്ചുവിട്ടു മേയുന്ന കന്നുകാലികൾ വിശ്രമിക്കുന്നിടത്തു വീടുവയ്ക്കുക. അവിടെ നല്ല വായു സഞ്ചാരമുണ്ടാകും.



ഇടയ്ക്കിടയ്ക്ക് ആകാശത്തിലേക്കു തുറിച്ചു നോക്കുക. ചിന്തകൾ ആകാശംപോലെ വ്യക്തവും മനോഹരവുമായിരിക്കും.





Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally